മലങ്കരസഭയിലെ ആരാധനക്രമങ്ങൾ: അച്ചടിയുടെ നാൾവഴികൾ

ജോയ്സ് തോട്ടയ്ക്കാട്

ആരാധനാക്രമങ്ങൾ മാതൃഭാഷയിൽ എന്ന വിപ്ലവാത്മകമായ പ്രസ്ഥാനം മലങ്കരസഭയിൽ ആരംഭിച്ചത് നവീകരണ കാലത്താണ്. 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ മിഷണറിമാരും നവീകരണനേതാക്കളും ആവർത്തിച്ച ഒരു മുദ്രാവാക്യമാണ് ആരാധന മാതൃഭാഷയിൽ എന്നത്. പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരും (പിന്നീട് കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്) കായംകുളം ഫിലിപ്പോസ് റമ്പാനും ചേർന്ന് സുവിശേഷങ്ങൾ സുറിയാനിയിൽ നിന്നു മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്ത് 1811-ൽ ബോംബെയിൽ നിന്നു പ്രസിദ്ധീകരിച്ച റമ്പാൻ ബൈബിളാണ് ഈ പ്രസ്ഥാനത്തിലെ ശ്രദ്ധേയമായ ആദ്യ കൃതി.

ആരാധനകൾ ഭാഗികമായി വിവർത്തനം ചെയ്യുവാനുള്ള ശ്രമങ്ങൾ 1800-കളിൽ ആരംഭിച്ചു. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ കീർത്തനപുസ്തകവും കുർബ്ബാനക്രമവും നമസ്കാരക്രമങ്ങളും വിവർത്തനം ചെയ്തു. കോനാട്ട് മല്പാന്മാരും ഈ രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകി. തുടർന്ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ 1905 വരെ കുറഞ്ഞത് 15 പതിപ്പുകളിലായി പതിനായിരക്കണക്കിന് നമസ്കാരക്രമവും വി. കുർബാനക്രമവും പ്രസിദ്ധീകരിച്ചു. വീടുകളിൽ ഉപയോഗിക്കുവാനായി ക്രോഡീകരിക്കപ്പെട്ട നമസ്കാരങ്ങളും വി. കുർബാനയിൽ ജനങ്ങൾ ചൊല്ലുന്ന പ്രതിവാക്യങ്ങളും ശുശ്രൂഷകർ ചൊല്ലുന്ന മദ്ധ്യസ്ഥപ്രാർത്ഥനകളും മറ്റുമാണ് ആദ്യകാല വിവർത്തനത്തിലൂടെ ലഭ്യമായത്. കുർബാനക്രമത്തിൽ ജനങ്ങൾ ചൊല്ലുന്ന എല്ലാ ഗാനവും മലയാളത്തിൽ ലഭ്യമാകണമെന്ന് ആഗ്രഹിച്ച ആളായിരുന്നു പ. പരുമലതിരുമേനി. കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ സഹായത്തോടെ വൈദികസെമിനാരി മല്പാന്മാരായ വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനും കോനാട്ട് മാത്തൻ മല്പനും ആ ആഗ്രഹം നിറവേറ്റി. തുടർന്ന് വട്ടശേരിൽ ഗീവർഗീസ് മല്പാനും, കോനാട്ട് മാത്തൻ മല്പാനും കൃംതായുടെ ഏഴു യാമങ്ങളിലെ നമസ്കാരങ്ങൾ മലയാള ഗദ്യത്തിലേക്ക് വിവർത്തനം ചെയ്തു. വറുഗീസ് മാപ്പിള അവയുടെ ഗാനാവിഷ്കാരം നടത്തി.

അടുത്തഘട്ടത്തിൽ വി. കുർബ്ബാന, ആണ്ടുതക്സാക്രമങ്ങൾ, കൂദാശക്രമങ്ങൾ എന്നിവയുടെ പ്രുമിയോൻ സെദ്റാകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. ക്രമേണ കന്തീല, കഹനൈത്താ, കൂദാശക്രമങ്ങൾ, ആണ്ടുതക്സാ എന്നിവയുടെ ഗാനങ്ങൾ ഗദ്യമായി വിവർത്തനം ചെയ്തു. കൂടാതെ കഷ്ടാനുഭവ ആഴ്ചയിലെ പ്രുമിയോൻ സെദറാകൾ വിവർത്തനം ചെയ്തതും ഈ കാലഘട്ടത്തിലാണ്. ബഥനിയിലെ ഫാ. പി. റ്റി. ഗീവർഗീസിന്റെ നേതൃത്വത്തിലും പുലിക്കോട്ടിൽ ഇട്ടൂപ്പ് ശെമ്മാശൻ, മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശൻ എന്നിവരുടെ സഹകരണത്തിലും വി. കുർബാന തക്സാ പ്രസിദ്ധീകരിക്കപ്പെട്ടു. മാർ യാക്കോബ്, മാർ ദിവന്നാസ്യോസ്, മാർ ഈവാനിയോസ് എന്നീ ചുരുക്കം ചില ക്രമങ്ങളെ അതിൽ ഉണ്ടായിരുന്നുള്ളൂ. 1920-ലാണ് അതിന്റെ ആദ്യപതിപ്പ് ഇറങ്ങിയത്. വള്ളത്തോളിന്റെ കരസ്പർശത്താൽ സംസ്കൃതപദബഹുലമായ ഹാശാ ആഴ്ചയിലെ പ്രുമിയോന് പിന്നീട് സരളമായ ഒരു വിവർത്തനം നൽകിയത് മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാനാണ്. നിത്യപ്രാർത്ഥനാക്രമം എന്ന പേരിൽ വീടുകളിൽ ഉപയോഗിക്കുവാൻ ബൃഹത്തായ ഒരു നമസ്കാരക്രമം കോനാട്ട് മാത്തൻ കോർ എപ്പിസ്കോപ്പാ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു.

വിവർത്തനരംഗത്ത് അവിസ്മരണീയമായ സംഭാവനകൾ ചെയ്ത മറ്റൊരു വ്യക്തി ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ (പ. ഔഗേൻ ബാവാ) ആണ്. വലിയനോമ്പിലെയും മൂന്നുനോമ്പിലെയും പ്രുമിയോൻ സെദറാകൾ, പള്ളികൂദാശ, പട്ടംകൊട എന്നിവയുടെ ഗദ്യപദ്യങ്ങൾ ഉൾപ്പെടെ സമ്പൂർണ്ണക്രമം, മൂറോൻ കൂദാശക്രമം, സൈത്തു കൂദാശക്രമം തുടങ്ങിയവ അദ്ദേഹത്തിന്റെ സംഭാവനകൾ ആണ്. ആണ്ടടക്കമുള്ള കുർബാനയുടെ ഹൂത്തോമ്മാകൾ, സുറിയാനിയിലും മലയാളത്തിലും രചിച്ചതും അദ്ദേഹം തന്നെ. കുന്നംകുളം പനയ്ക്കൽ യാക്കോബ് കത്തനാർ ശ്ഹീമാ നമസ്കാരത്തിലെ പല പ്രാർത്ഥനകളും കുക്കിലിയോൻ സെറ്റുകളും കൂദാശക്രമത്തിലെയും ആണ്ടുതക്സായിലെയും ഏതാനും ഗാനങ്ങളും വിവർത്തനം ചെയ്ത് സുറിയാനി കീർത്തനമാല എന്ന വിവർത്തന ഗ്രന്ഥം തയ്യാറാക്കി. നരിമറ്റത്തിൽ എൻ. എ. യൂഹാനോൻ മല്പാൻ വലിയനോമ്പിലെയും ഹാശാ ആഴ്ചയിലെയും മൂന്നുനോമ്പിലെയും കാനോനാ നമസ്കാരത്തിന്റെയും ഗദ്യവിവർത്തനങ്ങൾ തയ്യാറാക്കി.

പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ കാലത്ത് കോട്ടയം വൈദികസെമിനാരിയെ കേന്ദ്രീകരിച്ച് ശ്രദ്ധേയമായ ചില വിവർത്തനങ്ങൾ നടന്നു. ഫാ. വി. കെ. മാത്യൂസ് (പിന്നീട് പ. മാത്യൂസ് പ്രഥമൻ ബാവാ) ആയിരുന്നു പ്രധാന സംഘാടകൻ. കൃംതായുടെ ക്രമത്തിന് പുറമെ ഞായറാഴ്ചകളിലും പെരുനാളുകളിലും ഉപയോഗിക്കുവാൻ ബുധനാഴ്ച നമസ്കാരത്തിൽ ചില ഞായറാഴ്ച ക്രമീകരണങ്ങൾ കൂട്ടിച്ചേർത്ത് സ്ലീബാനമസ്കാരം എന്ന ഒരു ക്രമം അദ്ദേഹം എഡിറ്റു ചെയ്തുണ്ടാക്കി. അതിന്റെ ഗാനാവിഷ്കാരം വൃത്താനുവൃത്ത ഗീത പരിഭാഷയായി നിർവഹിച്ചത് വെണ്ണിക്കുളം സി. പി. ചാണ്ടിയാണ്. പിന്നീട് ഇവർ രണ്ടുപേരും ചേർന്ന് പല ആരാധനക്രമങ്ങളും തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

നവീകരണ നമസ്കാരക്രമങ്ങൾ

മലങ്കരസഭയിൽ ആരാധനക്രമങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുവാൻ ആരംഭിച്ചത് 1845-ലാണ്. 1845-ൽ കോട്ടയം

സുറിയാനി സെമിനാരി അച്ചുകൂടത്തിൽ നിന്ന് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് പ്രസിദ്ധീകരിച്ച നമസ്കാരക്രമമാണ് മലങ്കരസഭയിലെ അച്ചടിമഷി പുരണ്ട ആദ്യ ആരാധനക്രമം. ഇതിന്റെ രണ്ടാം പതിപ്പ് 1856-ൽ കോട്ടയം സുറിയാനി സെമിനാരി അച്ചുകൂടത്തിൽ നിന്നു തന്നെ പ്രസിദ്ധീകരിച്ചു.

1845-ൽ പ്രസിദ്ധീകരിച്ച നമസ്കാരക്രമത്തിന്റെ കവർപേജിൽ ഇപ്രകാരം കാണുന്നു: "നമസ്കാരക്രമം. കോട്ടയം സുറിയാനി സിമ്മനാരി അച്ചുകൂടത്തിൽ നിന്ന് മാർ മാത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ പ്രസിദ്ധീകരിച്ചത്. 1845."

1856-ലെ നമസ്കാരക്രമത്തിന്റെ കവർ പേജിൽ ഇപ്രകാരം കാണുന്നു: "സ്തുതി ചൊവ്വാകപ്പെട്ട സുറിയാനി ക്രിസ്ത്യാനിക്കാരുടെ നമസ്കാരക്രമങ്ങൾ സുറിയാനിയിൽ നിന്നും പരിഭാഷപ്പെടുത്തിയത് മലങ്കര ഇടവവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം കോട്ടയത്ത് സുറിയാനി സിമ്മനാരി അച്ചുകൂടത്തിൽ അടിക്കപ്പെട്ടത്. 1856."

1859-ലെ നമസ്കാരക്രമ പരിഭാഷ

1845, 1856 എന്നീ വർഷങ്ങളിൽ മാർ അത്താനാസ്യോസ് പ്രസിദ്ധീകരിച്ച നമസ്കാരക്രമങ്ങൾ നവീകരണ ആശയങ്ങൾ ചേർത്താണ് പ്രസിദ്ധീകരിച്ചത്. ഇതിനെതിരെ പുലിക്കോട്ടിൽ യൗസേഫ് (ജോസഫ്) കത്തനാർ 1859-ൽ കോഴിക്കോട്ട് പോയി കാളഹസ്തിയപ്പാ മുതലിയാരുടെ വിദ്യാവിലാസം അച്ചുകൂടത്തിൽ നിന്ന് നമസ്കാരക്രമത്തിന്റെ മറ്റൊരു പരിഭാഷ പ്രസിദ്ധീകരിച്ചു. കല്ലച്ചിൽ പ്രസിദ്ധീകരിച്ച ഈ നമസ്കാരക്രമത്തിന്റെ രണ്ടായിരം പ്രതികളാണ് അച്ചടിച്ചത്.

1859-ൽ പ്രസിദ്ധീകരിച്ച ഈ നമസ്കാരക്രമത്തിന്റെ കവർപേജിൽ ഇപ്രകാരം കാണുന്നു: "സ്തുതി ചൊവ്വാകപ്പെട്ട സുറിയാനി ക്രിസ്ത്യാനിക്കാരുടെ നമസ്കാരക്രമങ്ങൾ സുറിയാനിയിൽ നിന്നും പരിഭാഷപ്പെടുത്തിയത്. ഇത. മ. രാ. രാ. ചതുരങ്ക പട്ടണം കാളഹസ്തിയപ്പ മുതലിയാര അവർകളുടെ മകൻ കൊഴിക്കൊട സിവിൽ സെഷൻ കോടതി ശിരസ്തദാർ അരുണാചല മുതലിയാരുടെ വിദ്യാവിലാസ അച്ചുകൂട്ടത്തിൽ അച്ചടിക്കപ്പെട്ടു. 1859-ാം വർഷം മാർച്ച് മാസം. പ്രിൻടർ യശായാ."

ഈ മൂന്നു അമൂല്യ ഗ്രന്ഥങ്ങളുടെയും കോപ്പി പാമ്പാക്കുട കോനാട്ട് ലൈബ്രറിയിൽ ഉണ്ട്. മലങ്കരസഭയിലെ പുരാതനഗ്രന്ഥങ്ങൾ തേടി 1992-ൽ കോനാട്ട് ലൈബ്രറിയിൽ ഈ ലേഖകൻ നടത്തിയ ഗവേഷണപഠനത്തിൽ ഈ ഗ്രന്ഥങ്ങൾ കാണുവാനും പരിശോധിക്കുവാനും ഇടയായിട്ടുണ്ട്.

1869-ലെ കുർബ്ബാനക്രമ പരിഭാഷ

1869-ൽ കൊച്ചി വെസ്റ്റേൺ സ്റ്റാർ പ്രസിൽ നിന്നുമാണ് ഈ പരിഭാഷ അച്ചടിച്ചിറക്കിയത്. പതിനൊന്നര സെന്റിമീറ്റർ നീളവും ഏഴര സെന്റീമീറ്റർ വീതിയുമുള്ള ഈ കൃതിക്ക് 48 പേജുകൾ മാത്രമേ ഉള്ളു. പോക്കറ്റിൽ ഇടാവുന്ന വലിപ്പമേ ഈ കുർബ്ബാനക്രമത്തിന് ഉള്ളു. ഒരു യൗസേഫ് കത്തനാരാണ് പരിഭാഷകൻ. കവർപേജിൽ ഇപ്രകാരം കാണുന്നു: "സ്തുതിചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനിക്കാരുടെ കുർബ്ബാനക്രമത്തിന്റെ തർജ്ജിമ. കൊച്ചി വെസ്റ്റേൺ സ്റ്റാർ പ്രസ്സ്. 1869. യൗസേഫ് കത്തനാർ."

പരിഭാഷയ്ക്ക് യൗസേഫ് കത്തനാർ എഴുതിയ സുപ്രധാനമായ 'മുഖവുര' ഇവിടെ ഉദ്ധരിക്കുന്നു:

> "നമ്മുടെ പള്ളികളിൽ കുറുബാനക്രമം ഭാഷപ്പെടുത്തിച്ചൊല്ലുന്നതു നടപ്പായി വരുന്നതുകൊണ്ടും അതിൽ ജനങ്ങൾ ചൊല്ലെണ്ടുന്ന ഭാഗങ്ങൾ എന്തെന്നു മിക്കവരും അറിഞ്ഞിട്ടില്ലായ്കകൊണ്ടും പ്രതിവാക്യങ്ങൾ എല്ലാം ക്രമമായി ചൊല്ലാതെ ചില കുഴച്ചിൽ വന്നുപോകുന്നതു തീരെ യുക്തമല്ലാത്തതിനാൽ ആ കുറവു നികത്തുന്നതിലേക്കു ഈ ചെറിയ പുസ്തകം ഉപയോഗമാകും എന്നുള്ള വിചാരത്തോടുകൂടിയത്രെ ഞാൻ ഇതു പൊരുൾ തിരിച്ചിരിക്കുന്നതു. കുറുബാന തക്സാ മുഴുവൻ പരിഭാഷപ്പെടുത്തിയെങ്കിലെ മെല്പറഞ്ഞ കുറവിനു പൂർണ്ണ പരിഹാരം വരൂ എന്നു ചിലർ പറയുമായിരിക്കും. ആയതു ശരിതന്നെ എങ്കിലും അതിലേക്കുണ്ടാവുന്ന അദ്ധ്വാനവും പണച്ചിലവും ഹെതുവാൽ വളരെ സാധുക്കൾ അതിൽ നിന്നുണ്ടാകുന്ന ഉപകാരങ്ങൾക്കു ഇതരന്മാരായി ഭവിക്കുകെ പാങ്ങുള്ളു എന്നു വരും. എന്നാൽ അത്യാവശ്യമായ ഭാഗങ്ങൾ മാത്രം എടുത്തു ഭാഷപ്പെടുത്തി അച്ചടിപ്പിച്ചാൽ വില കുറഞ്ഞിരിക്കുന്നതാകയാൽ എല്ലാപ്പടുതിയിലുമുള്ള ആളുകൾക്കും ഉപയോഗമാകുമെന്നുള്ള ആന്തരത്തോടു കൂടെയാണ് ഈ മാതൃകയിൽ ഇതു ചമെച്ചിരിക്കുന്നത്. ജനങ്ങളിൽ പലർക്കും കീർത്തനങ്ങൾ പാടുന്നതിൽ ഓഹരിക്കാരാകുന്നതിനു ആഗ്രഹമുള്ളതാകയാലും പരിഭാഷപ്പെടുത്തിയാൽ ലയം തെറ്റിപ്പോകുമെന്നു ശങ്കിച്ചും ചില കീർത്തനങ്ങൾ സുറിയാനിഭാഷയിൽ തന്നെ മലയാള അക്ഷരങ്ങളായി ഇതിൽ ചെർത്തിട്ടുണ്ട്. ഇതിലെ പരിഭാഷ മൂലഭാഷയോടു ഒത്തതാകയാൽ നമ്മുടെ പള്ളികളിൽ എല്ലാടത്തും ഇതു സ്വീകരിച്ചു ഉപയോഗമാക്കിക്കൊള്ളുമെന്നുള്ള ആഗ്രഹത്തൊടുകൂടെ ഇതു അച്ചടിപ്പിച്ചിരിക്കുന്നു.
>
> എന്ന 1869 സെപ്ടെമ്പ്ര 15-നു
>
> മാ. യൊസെഫു കത്തനാർ

1875-ലെ നവീകരണ വി. കുർബ്ബാന പരിഭാഷ

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ പ്രസിദ്ധീകരിച്ച വി. കുർബ്ബാനക്രമ പരിഭാഷയുടെ അഞ്ചാം പതിപ്പ് കോട്ടയത്ത് സെമിനാരി അച്ചുകൂടത്തിൽ നിന്ന് 1875-ൽ പ്രസിദ്ധീകൃതമായി. ഈ പരിഭാഷയുടെ ഒന്നു മുതൽ നാലു വരെയുള്ള പതിപ്പുകൾ ഏതു വർഷങ്ങളിലാണ് പ്രസിദ്ധീകരിച്ചത് എന്ന് അറിവില്ല. 1845 മുതൽ കോട്ടയം സുറിയാനി സെമിനാരിയിൽ അച്ചുകൂടം ഉള്ള സ്ഥിതിക്ക്, 1869-നു മുമ്പു തന്നെ ഈ പരിഭാഷയുടെ ഒന്നാം പതിപ്പ് പ്രസിദ്ധീകരിച്ചു കാണാനാണ് സാദ്ധ്യത.

അരക്കുർബ്ബാന ക്രമം (പാതി കുർബ്ബാനക്രമം)

1836-ൽ മാവേലിക്കര സുന്നഹദോസിൽ മലങ്കരസഭയെക്കൊണ്ടു പ്രൊട്ടസ്റ്റണ്ട് വിശ്വാസം സ്വീകരിപ്പിക്കാനുള്ള ശ്രമത്തിൽ പരാജയപ്പെട്ട ഇംഗ്ലീഷ് മിഷനറിമാർ അവരുടെ സ്വാധീനത്തിലുണ്ടായിരുന്ന പാലക്കുന്നത്ത് അബ്രഹാം മല്പാൻ മുതലായ ചില പട്ടക്കാരിലൂടെ തക്സായിൽ നിന്നു കുർബ്ബാന ബലിയാണെന്നുള്ള ഭാഗം, മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന, പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന മുതലായവ മാറ്റി ഒരു പുതിയ തക്സാ നിർമ്മിച്ചു. തക്സാ നിർമ്മാണത്തിനു ശേഷം തക്സാ നിർമ്മാണ കമ്മിറ്റിയിൽ അംഗങ്ങളായിരുന്ന നാലു പട്ടക്കാരിൽ രണ്ടുപേർ അതുപയോഗിച്ചു കുർബ്ബാന ചൊല്ലാൻ വിസമ്മതിച്ചു. അബ്രഹാം മല്പാനും കൈതയിൽ മല്പാനും 1837-ൽ ഈ തക്സാ ഉപയോഗിച്ചു കുർബ്ബാന ചൊല്ലി. ഇങ്ങനെ വെട്ടിക്കുറച്ച തക്സായ്ക്ക് 'അരക്കുർബ്ബാന' എന്ന പരിഹാസപ്പേരു ലഭിച്ചു. 1872-ൽ ഈ കുർബ്ബാനക്രമം കോട്ടയത്ത് മിഷൻ പ്രസ്സിൽ നിന്നും അച്ചടിച്ചു പ്രസിദ്ധീകരിച്ചു (ഇതിനു മുമ്പ് ഈ കുർബ്ബാനക്രമം അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന കാര്യം അറിവില്ല). ഈ ഗ്രന്ഥത്തിന്റെ കവർപേജിൽ ഇപ്രകാരം കാണുന്നു:

"നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുമിശിഹായുടെ സഹോദരനായ ശു. മ. യാക്കൊബ ശ്ലിഹായുടെ കുറുബാനക്രമം. കോട്ടയത്ത അച്ചടിച്ചത. Printed at the Church Mission Press, Cottayam. 1872."

ഈ ഗ്രന്ഥത്തിന്റെ മുഖവുര കാണുക:

> അന്ത്യോഖ്യായുടെ മാർ പത്രൊസ്സാ സിംഹാസനത്തിൻകീഴ പുരാതനമായിട്ട ഒർശ്ലെം മെലദ്ധ്യക്ഷന്റെ ഇടവകയും, യഹൂദിയാ, ബെത്നഹറീൻ, സ്കറിയാ എന്ന ദെശങ്ങളും ചെറിയ ആസ്യായുടെ തെക്കെ ഭാഗവും അടങ്ങിയിരുന്നു. ഇപ്പൂർവ ദേശങ്ങളിൽ വഴങ്ങിവന്ന കുറുബാനക്രമത്തെ കുറിച്ചു പ്രത്യെകം വിചാരിക്കെണ്ടതായി കാണുന്നു. എന്തുകൊണ്ടെന്നാൽ ഒന്നാമത, ഒർശ്ലെം സഭ സകല ക്രിസ്ത്യാനി സഭകളുടെയും മാതാവും അന്ത്യൊഖ്യാ, വിശ്വാസികളെ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ട സ്ഥലവും ആയിരുന്നു. രണ്ടാമത, അന്ത്യൊഖ്യായുടെ കുറുബാനക്രമം അതിന്റെ ചുറ്റുമുള്ള എല്ലാ ദെശങ്ങളിലും നടപ്പായി ഉപയൊഗിച്ചുവന്നു. മൂന്നാമത, പൂർവപിതാക്കന്മാരും, സഭാചരിത്രക്കാരുമായവർ മറ്റെല്ലാറ്റിനെക്കാൾ പുരാതനമായിട്ടും, വിശെഷമായിട്ടും വർണ്ണിച്ചിരിക്കുന്നത ഇപ്പള്ളി ക്രമത്തെ കുറിച്ചാകുന്നു.
>
> അന്ത്യൊഖ്യാ പാത്രിയർക്കായുടെ ഇടവകയിലെ നിവാസികൾ യാക്കൊബായക്കാരു, ഒർത്തൊദുക്സായ മിൽഖായക്കാരും ആകുന്നു. മൊനൊപീസായക്കാരുടെ പ്രധാനി ആയ യാക്കൊബ ബർദീയസ ജീവിച്ചിരുന്നത ആറാം ശതാബ്ദത്തിൽ ആയിരുന്നു. ഒർത്തൊദുക്സായ മിൽഖായക്കാർ പിന്നീട കുസ്തൻതീനൊപ്പൊലീസിന്റെ പാത്രിയർക്കായൊട ചേർന്നിരുന്നു. സുന്നഹദോസ് കൂടി മൊനൊപ്പീസായക്കാരെ കുറ്റം വിധിച്ച, സഭയിൽ നിന്നും തള്ളിയ ശെഷം "കാതൊലിക്കാ" എന്ന പൊതുവിലുള്ള വിശ്വാസത്തെ രക്ഷിച്ചു വരികയാൽ അത്രെ ഇവർക്കു രാജകക്ഷികൾ എന്ന അർത്ഥമാകുന്ന മിൽഖായക്കാർ എന്ന പെർ ഉണ്ടായത. എന്നാൽ "ഒർശ്ലെമിന്റെ ഒന്നാമത്തെ മെലദ്ധ്യക്ഷൻ" എന്നു പുരാതനമായി പറയപ്പെട്ടിരിക്കുന്ന ശുദ്ധമുള്ള മാർ യാക്കൊബ ശ്ലീഹായുടെ നാമം ധരിച്ചിരിക്കുന്ന പള്ളിക്രമത്തെ യാക്കൊബായക്കാരും, മിൽക്കായക്കാരുമായ ഇരുഭാഗക്കാരും ഏറിയ കാലമായി കൈക്കൊണ്ടുവരുന്നു. യാക്കൊബായക്കാർ ...... മറ്റൊന്നിനെയും ഉപകരിപ്പിക്കുന്നില്ലായെങ്കിലും മിൽക്കായ്ക്കാർ ....ട്രെക്കു സഭയുടെ പള്ളിക്രമത്തെയും കൂടെ കൈക്കൊണ്ടു വരുന്ന.....ക്രമം യവനായ ഭാഷയിലും, ശുദ്ധമുള്ള മാർ യാക്കൊബിന്റെത സുറിയാനിയിൽ മാത്രവും ആകുന്നു.
>
> "നമ്മുടെ കർത്താവിന്റെ സഹോദരനായ മാർ യാക്കൊബിന്റെ കുറുബാനക്രമം" എന്നു പെരായിതുലൊം പുരാതനമായത അന്ത്യൊഖ്യായുടെയും, സൂറിയായുടെയും പൂർവക്രിസ്ത്യാനികൾ കൈക്കൊണ്ടു വന്നു എന്നുള്ളത ബാവാന്മാരുടെ നിസ്സംശയമായ എഴുത്തുകളിൽ നിന്നും, രാജകല്പനകളിൽനിന്നും സ്പഷ്ടമാകുന്നു. ക്രിസ്താബ്ദം 451-ൽ കൽക്കദൊനിൽ വെച്ച ഉണ്ടായ സൂന്നാദൊസിൽ മൊനൊപ്പീസായക്കാരും, മിൽക്കായക്കാരും തമ്മിൽ ഒരു പൂർണ്ണ പിരിച്ചിൽ ഉണ്ടായി എങ്കിലും ഇരുഭാഗക്കാരും തങ്ങളുടെ പള്ളിക്രമം ശുദ്ധമുള്ള മാർ യാക്കൊബ ശ്ലീഹായിൽ നിന്ന ഉണ്ടായതെന്നു പറകയും ഒരു ക്രമംതന്നെ ആചരിച്ചുവരികയും ചെയ്തു. ഇരുഭാഗക്കാരും ഉപയൊഗിച്ചുവന്ന സുറിയാനിയിലെയും, യവനായിലെയും പള്ളിക്രമങ്ങളെ പരിശൊധിച്ചാൽ ഇവ രണ്ടിന്നും മൂലം ഒന്നുതന്നെ എന്നു സാക്ഷിപ്പാൻ തക്കതായി അതിശയമായ ചില ചെർച്ചകൾ ഇതിലെ ശുശ്രൂഷകളിലും, പ്രാർത്ഥനകളിലും എന്നല്ല പ്രത്യെകം ചില പദങ്ങളിലും കൂടെ കാണ്മാനുണ്ട്. മിൽക്കാ

യക്കാരുടെ യവനായ പള്ളിക്രമം 10-ാം ശതാബ്ദത്തിൽ ഇരുന്നപ്രകാരം തന്നെ ഇപ്പൊഴും ഇരിക്കുന്നു. തെവാദൊറൊത, യറൊം, ക്രിസൊസ്തൊം മുതലായവർ ഇപ്രാർത്ഥനകളിൽ നിന്നു ചില ഭാഗങ്ങൾ എടുത്ത പറഞ്ഞിരിക്കുന്നതു കൂടാതെ ഒർശ്ലെമിന്റെ മെലദ്ധ്യക്ഷനായ മാർ കൂറിലൊസും സുറിയാനിക്കാരുടെ ഒരു വലിയ ഗുരുവായ മാർ അപ്രെമും അങ്ങിനെ തന്നെ ചെയ്തിരിക്കുന്നു. ഇവർ എല്ലാവരും നാലാം ശതാബ്ദത്തിനു മുമ്പു ജീവിച്ചിരുന്നവരും, അന്ത്യൊഖ്യാ സിംഹാസനത്തൊടു സംബന്ധിച്ചവരും ആയിരുന്നു. ഇന്നവയെല്ലാംകൊണ്ടും ഇപ്പള്ളിക്രമം എത്രയും പുരാതനമായതെന്നു സാക്ഷിപ്പെടുന്നു.

എന്നാൽ കാലക്രമംകൊണ്ടും, അതാത സമയങ്ങളിൽ ഉണ്ടായ കഠിന തർക്കം ഹെതുവായി ഉണ്ടായിട്ടുള്ള ചില പ്രത്യെക ഉപദേശങ്ങളും അനുസരിച്ചും ഏതാനും സംഗതികളെയും, പ്രാർത്ഥനകളെയും പല കാലങ്ങളിലായി ഇപ്പള്ളിക്രമങ്ങളിൽ ചെർത്തിട്ടുണ്ട്. ചെർക്കപ്പെട്ടവയിൽ മിക്കതും വിശ്വാസത്തിനു യൊഗ്യമുള്ളവയും, ഏതാനും അതിനു ചെർച്ചയില്ലാത്തവയും ആകുന്നു. അതിനാൽ മലംകര ഇടവകയിലുള്ള യാക്കൊബായക്കാരുടെ ഉപദെഷ്ടാവും, മാരാമൺ പള്ളിയുടെ അദ്ധ്യക്ഷനുമായി, ഇപ്പോൾ പരലൊകവാസിയായിരിക്കുന്ന അബ്രഹാം മല്പാൻ എന്ന ദൈവഭക്തൻ പല പുരാതനപുസ്തകങ്ങളുടെ ആധാരത്തൊടുംകൂടി ദീർഘദിവസങ്ങളുടെ പ്രയത്നംകൊണ്ടു ഇപ്പള്ളിക്രമത്തെ പരിശൊധിച്ച, അതിന്റെ പ്രഥമാവസ്ഥയിൽ പിന്നെ ചെർക്കപ്പെട്ട സംഗതികളിൽ വിശ്വാസത്തിനും, വെദസാക്ഷ്യത്തിനും ചെർച്ചയില്ലാത്തവയായി കണ്ടെത്തപ്പെട്ട വാക്കുകളെയും പ്രാർത്ഥനകളെയും നീക്കം ചെയ്ത, ക്രമപ്പെടുത്തിരിയിരിക്കുന്നു. എന്നാൽ ഇതും മൂലഭാഷയിൽ തന്നെ ഇരിക്കുന്നു. മൂലഭാഷയിലെ പള്ളിക്രമം മെർദീൻ, തൂറാബ്ദീൻ, അമ്മീദ മുതലായ പരദെശങ്ങളിൽ ആചരിക്കപ്പെടുമ്പൊൾ മിക്കവാറും സൂറിയാ ഭാഷയിലും കൂടെ ജനിക്കപ്പെട്ടിരിക്കുന്ന ആ ദെശവാസികൾ പദങ്ങളെയും, വാചകങ്ങളെയും ഗ്രഹിച്ച കാര്യങ്ങൾ ബോധപ്പെട്ട പ്രതിവാക്യം ഉച്ചരിക്കുന്നു. എന്നാൽ മലംകരയുള്ള ഐമ്മെനികൾ (അല്മായക്കാർ) അശെഷവും മൂലഭാഷ അറിയുന്നില്ല. ദൈവ ശുശ്രൂഷകളിൽ പട്ടക്കാർ കാണിക്കുന്നതൊക്കെയും അവർ കാണുക മാത്രം ചെയ്യുന്നു. വിശുദ്ധ പ്രാർത്ഥനകളിലും, ശുശ്രൂഷകളിലും അടങ്ങിയിരിക്കുന്ന ഇമ്പമെറിയ വാക്കുകളും, ഭക്തിക്കും, വിശ്വാസത്തിന്നുമടുത്ത സംഗതികളും കെൾക്കുന്ന സമയത്ത ആത്മാവ മുഴുവനിലും വ്യാപിക്കുന്നതായ ആ സ്വർഗ്ഗീക വിചാരങ്ങളും ആത്മാവിന്നടുത്ത സന്തൊഷങ്ങളും തങ്ങൾക്കു നിഷ്ഫലമായിരിക്കുന്നു.

അതിനാൽ സുറിയാനിക്കാരിൽ ഭക്തന്മാരായിട്ടുള്ള പലരുടെയും അപെക്ഷയിന്മെൽ, വിശേഷമായും, ശ്ലീഹൂസാ സംബന്ധമായുള്ള കുറുബാന ക്രമത്തിൽ "ശുദ്ധമുള്ള കുറുബാനയുടെ ആചാരക്രമം" ആകുന്ന ഇപ്പുസ്തകത്തെ തുർഗാം ചെയ്ത അടിപ്പിച്ചിരിക്കുന്നു. ദൈവം, സുറിയാനി സഭയെ മെല്ക്കുമെൽ ശുദ്ധീകരിച്ച, ജീവികളെയും മരിച്ചവരെയും വിധിപ്പാനായി താൻ വെളിപ്പെടുന്ന പ്രത്യക്ഷതയിങ്കൽ തന്റെ കിരീടത്തിൽ ഈ സഭയും വിലയെറിയ ഒരു രത്നമായിത്തീരുവാൻ ഇടവരുത്തുമാറാകട്ടെ.

ഒരു നിരൂപണം

ഇടവഴിക്കൽ ഫീലിപ്പോസ് കോറെപ്പിസ്ക്കോപ്പാ രചിച്ച് 1873-ൽ കൊച്ചി സെന്റ് തോമസ് പ്രസ്സിൽ നിന്നും പ്രസിദ്ധീകരിച്ച *മലങ്കര സഭാപഞ്ചാംഗ*ത്തിൽ അര കുബ്ബാനക്രമത്തെക്കുറിച്ചുള്ള ഒരു നിരൂപണം ഉൾപ്പെടുത്തിയിട്ടുണ്ട്. അത് കാണുക:

അര കുറുബാനക്രമം

ശു. യാക്കോബ ശ്ലീഹായുടെ കുറുബാനക്രമമെന്നു പേരായി 1872-ൽ കോട്ടയത്തു മിഷൻ പ്രസിൽ അച്ചടിച്ചതായ പുസ്തകം വായിച്ചു കണ്ടു. ശു. മാർ യാക്കോബിന്റെ കുറുബാനക്രമം മലയാളത്തും അന്ത്യോഖ്യായ്ക്കു ചേർന്ന മറ്റും രാജ്യങ്ങളിലും പുരാധീനമായിട്ടു ഇന്നുവരെ പെരുമാറിവരുന്ന പുസ്തകങ്ങളും ദൈവഭക്തനും മല്പാനുമായ റെവറെണ്ടു ജി. ബി. ഔആർട. ബി. എയി. സായ്പവർകൾ ലണ്ടനിൽ കൊണ്ടുപോയി ഇംഗ്ലീഷിൽ ശരിയായി ഭാഷപ്പെടുത്തി ഏറ്റവും ബഹുമാനപ്പെട്ട, കാന്റർബറിലെ ആർച്ച ബിഷോപ്പ സായ്പ അവർകളുടെ അനുവാദപ്രകാരം 1864-ൽ അച്ചടിപ്പിച്ചിട്ടുള്ള പുസ്തകവും വായിക്കുമ്പോൾ മേൽപറഞ്ഞത, അരകുറുബാന പുസ്തകം തന്നെയെന്നു എല്ലാവർക്കും ബോധപ്പെടുന്നതാകുന്നു. വിരുതനായ ഒരു ചിത്രകാരൻ എഴുതിയ ചിത്രത്തെ പൊട്ടക്കണ്ണൻ മായിച്ചു നന്നാക്കുന്നതുപോലെ, ഈ അരകുറുബാനക്രമം മാരാമണ്ണു പള്ളിയിൽ അബ്രാഹം കത്തനാരു, ദാനിയെൽ വിൽസൻ, ബിഷോപ്പ അവർകളുടെ അഭിലാഷപ്രകാരം, ശു. മാർ യാക്കോബിന്റെ കുറുബാനക്രമത്തിൽ നിന്നും കുത്തിയും വെട്ടിയും ഉണ്ടാക്കിയതും 1837-ൽ പള്ളത്തെ ഇംഗ്ലീഷ പള്ളിയിലും പിന്നീടു ഇന്നുവരെ മാരാമണ്ണു പള്ളിയിലും പെരുമാറി വരുന്നതും ആകുന്നു. ഈ അബ്രാഹം കത്തനാരെ, രണ്ടാമത്തെ എവുത്തീക്കുസ എന്നാണെ, സുറിയാനിക്കാർ വിചാരിക്കുന്നത. ആ കാലത്ത ഇരുന്ന ബെഹുമാനപ്പെട്ട, ബെയിലി സായ്പ, ബേയ്ക്കർ സായ്പ മുതൽപേരു ദൈവഭയമുള്ളവരായിരുന്നതു കൊണ്ടല്ലാതെ, അന്നു കോട്ടയത്തു മിഷ്യൻപ്രെസ ഇല്ലാഞ്ഞിട്ടു ഈ

ബുക്കു അടിക്കാതിരുന്നതല്ല. പൊതുവിൽ ഉപയോഗമുള്ള പുസ്തകങ്ങൾ അല്ലാതെ, സുറിയാനിക്കാർക്കു തനിച്ചു ഉപയോഗമുള്ള ഒരു വക പുസ്തകവും ഇതുവരെ മിഷ്യൻപ്രെസിൽ അച്ചടിച്ചിട്ടില്ലാതെ ഇരിക്കുമ്പോൾ. ഇപ്പോൾ, മിഷ്യൻപ്രെസ, തെറ്റിവീണുപോയ ശീശ്മക്കാർക്കു, തലചായിച്ചതിൽ വളരെ ദുഃഖിക്കുന്നു. ഈ അരകുറുബാന പുസ്തകം അച്ചടിച്ചു വർദ്ധിപ്പിച്ചതിന്റെയും, ഉതിയം പേരൂർവച്ചു, പോർത്തുഗീസുകാർ, തീയകൊണ്ടു ദഹിപ്പിച്ചു, പുസ്തകങ്ങൾ ചുരുക്കിയതിന്റെയും, ഫലം ഒന്നുപോലെ ഇരിക്കുന്നു. വാളുകൊണ്ടു വെട്ടിയിട്ടും, അപ്പത്തിൽ നഞ്ചു കലർത്തികൊടുത്തിട്ടും ഉണ്ടാകുന്ന മരണത്തിന്റെ ഫലം ഒന്നുതന്നെയല്ലൊ. മുഖവുരയിൽ ഈ അബ്രാഹം കത്തനാരെ, ദൈവഭക്തനെന്നും അദ്ധ്യക്ഷനെന്നും പറയുന്നുണ്ടല്ലൊ. ശു. മാർ യാക്കോബ ശ്ലീഹായുടെ കുറുബാനക്രമം കുത്തിയ ഇയാൾ ദൈവഭക്തനും അദ്ധ്യക്ഷനുമെങ്കിൽ, വേദപുസ്തകം കുത്തിയ, കൊലിൻസൊ ബിഷോപ്പ അവർകൾ എത്രെ അധികം ദൈവഭക്തനും അദ്ധ്യക്ഷനും ആയിരിക്കും. ഒരുത്തനു സുറിയാനിക്രമം ഇഷ്ടമില്ലങ്കിൽ ലോകത്തിൽ പല ക്രിസ്ത്യാനിവേദമുള്ളതിൽ ഒന്നിനെ സ്വീകരിക്കരുതോ. പൂറുവ പിതാക്കന്മാരാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഓമന ഏറിയ പള്ളിക്രമങ്ങളെ കഷണമായി നുറുക്കണമെന്നുണ്ടോ. ഈ അര കുറുബാനക്രമം അച്ചടിച്ചാ മിഷ്യൻ പ്രെസ, ശീശ്മക്കാർക്കു എല്ലൊ, സഹായിക്കുന്നത. ഒരു സഭയിൽനിന്നു പിഴച്ചുവീഴുന്ന ശീശ്മക്കാരെ സഹായിക്കുന്നതിന്റെ സാധ്യം ആ സഭയോടു നേരെ ചെയ്‌വാൻ ഇശ്ചിക്കുന്ന ദോഷം നടക്കാത്തതുകൊണ്ടു അല്ലാതെ ഗുണപ്പെടുത്തുവാൻ അല്ലന്നു നിരൂപിച്ചാൽ എല്ലാവർക്കും അറിയാം. മിശിഹായുടെ ഒരു അപ്പോസ്തോലനെപോലെ, ദരിദ്രിയപ്പെട്ടിരിക്കുന്ന അന്ത്യോഖ്യാ പാത്രിയർക്കീസ ബാവായുടെ സൗന്നര്യമുള്ള ഭാര്യ ആകുന്ന മലയാളത്തുള്ള സുറിയാനി സഭയെ സഹായിക്കാമെന്നു ആദ്യം പോർത്തുഗീസുകാരു പറഞ്ഞു ഭർത്താവിന്റെ വഴി അടച്ചു, ഈ ഭാര്യയോടു പറ്റിചേർന്നു വ്യപിചാരം ചെയ്ത, അനേക വ്യപിചാര സന്തതികളെ ജെനിപ്പിച്ചു. ഈ കാലത്തുള്ള സഹായംകൊണ്ടും ഈ ഭാര്യക്കു വൃതം കാപ്പാൻ കഴിയാതെയിരിക്കുന്നതു തന്നെയുമല്ല, ഭർത്താവിന്റെ നേരെ വിരോധിയെ, ഭർത്താവായി സ്വീകരിക്കണമെന്നു ഹേമിക്ക കൂടെ ചെയ്യുന്നു. അതിനാൽ ഇനി ആരും സഹായിക്കാതെയിരുന്നുയങ്കിൽ ഈ ഭാര്യയ്ക്കു, തന്റെ ഭർത്താവോടുകൂടെ സന്തോഷിക്കാമായിരുന്നു. പോർത്തുഗീസുകാരുടെ കാലത്തു, അവരുടെ ഗവർമെന്തിനെ ഭയന്നു, കല്ലുച്ചേരിൽ ഇട്ടിതൊമ്മൻ കത്തനാരു, സത്യത്തെ പാലിപ്പാൻ പല എഴുത്തുകൾ രെഹസ്യത്തിൽ പ്രയോഗിക്കേണ്ടി വന്നു. എന്നാൽ ഇന്നു, സകല സത്യവും ധര്യമായി പറവാനും എഴുതുവാനും സകലർക്കും പൂർണ്ണ സ്വാതന്ത്രിയം നൽകിയിരിക്കുന്ന ബെഹുമാനപ്പെട്ട ബ്രിത്തീഷ ഗവർമെന്തിനെ വളരെ നന്നിയോടെ ഞങ്ങൾ വന്ദനം ചെയ്യുന്നു (നടപ്പ 5:29).

ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ പരിശ്രമങ്ങൾ

ആരാധനക്രമങ്ങളുടെ അച്ചടി സംബന്ധമായി പാമ്പാക്കുട കോനാട്ട് ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ചെയ്ത പരിശ്രമങ്ങൾ ശ്രദ്ധേയമാണ്. 1879–ൽ പാമ്പാക്കുടയിൽ കേരളദീപം പ്രസ്സ് അദ്ദേഹം സ്ഥാപിച്ച് നിരവധി സുറിയാനി ആരാധനക്രമങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും സാമ്പത്തിക കൈത്താങ്ങൽ നൽകുകയും ചെയ്തു. അവർ തമ്മിലുള്ള സ്നേഹബന്ധവും ആരാധനക്രമങ്ങളുടെ അച്ചടി കാര്യങ്ങളും വിവരിക്കുന്ന ഒരു സ്വകാര്യ കത്ത് കാണുക:

അഭിവന്ദ്യ ഗീവറുഗീസ് യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക്,

പുസ്തകക്കാരൻ നമ്മുടെ വർക്കി വശം കൊടുത്തയച്ചതായ എഴുത്തും ... നിറയപ്പെട്ടതായ മെമ്രായും കിട്ടി വായിച്ചു കാണുകയും തൃപ്തിപ്പെടുകയും ചെയ്തു. അന്നൊന്നിച്ച് അയച്ചതായ നമസ്കാര പുസ്തകം കണ്ടപ്പോൾ പിന്നെയും അതിതൃപ്തി ഉണ്ടായി. ഇനിയും വേണ്ട പുസ്തകങ്ങളെ അച്ചടിച്ച് കാണ്മാൻ ദൈവം സംഗതി വരുത്തുന്നതിന് ദൈവത്തോട് പ്രാർത്ഥിക്കുന്നു. ഞാൻ ഇപ്പോൾ പള്ളിയിൽ സഞ്ചരിച്ച് പിരിച്ച് വരുന്നു. വ്യവഹാരം ... വ്യവഹാരച്ചെലവുകൾക്ക് അധികമായി വേണ്ട കാശ് പോലും കയ്യിൽ ഇല്ല. ... എഴുത്തിൽ കാണിച്ചിരിക്കുന്ന മറ്റ് കാര്യങ്ങളുടെ നടത്തക്കായി യാതൊരു വിരോധവും ഉണ്ടായിട്ടല്ല ഞാൻ അങ്ങനെ ചെയ്തതുകൊണ്ടാണ് ഇങ്ങനെ ചെയ്തതെന്ന് പറവാൻ സംഗതി വരുത്താതെ സാക്ഷിവിസ്താരം കൂടി കഴിഞ്ഞോട്ടെ എന്നു ഒരു വിചാരം ഹൃദയത്തിൽ ഉണ്ട്. അവിടെ സാക്ഷി ബോധിപ്പിച്ചത് നമ്മോട് ജാമ്യം വാങ്ങിപ്പാൻവേണ്ടി ... 12 നമസ്കാര പുസ്തകങ്ങളും ഏവൻഗേലിയോന്റെ കുറിപ്പും ഇവിടെ എടുത്തു. ഇതിൽ രണ്ട് വലിയ പുസ്തകത്തിന്റെയും രണ്ട് ചെറിയ പുസ്തകത്തിന്റെയും വില കൊടുത്തിരിക്കുന്നു. ശേഷമുള്ളത് നമ്മുടെ സഞ്ചാരത്തിൽ ചിലവാക്കി പണം അവിടെ എത്തിക്കാം. ഈ പത്തിന്റെയും വില ഇപ്പോൾതന്നെ കൊടുത്തയക്കണമെന്ന് താല്പര്യമുണ്ടായിരുന്നു. ഇന്നലെയാണിവിടെ വന്നത്. പിരിവ് തുടങ്ങിയില്ല. തിരുവല്ലായിൽ ഉണ്ടായ പിരിവ് മുഴുവനും ആലപ്പുഴക്ക് ഇന്നലെ അയച്ചുംവച്ചാണ് ഇങ്ങോട്ടേക്ക് പോന്നത്. അതുകൊണ്ടത്രേ തൽക്കാലം പണം കൊടുത്തയക്കാഞ്ഞത്. ശേഷം വിവരങ്ങൾ വർക്കി പറകയും ചെയ്യും.

എന്ന് 1055 വൃശ്ചികം 24-ാം തീയ്യതി
കല്ലൂപ്പാറ പള്ളിയിൽ നിന്ന്

അവിടത്തെ സഹോദരൻ ബലഹീനനായ യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

പുസ്തകം വകയിൽ രണ്ടു രൂപ കൂടി കൊടുത്തയക്കുന്നു.

മാർ യൂലിയോസ് പ്രസ്സ്

മാർ യൂലിയോസിന്റെ കാലശേഷം ഈ പ്രസ്സിന് സ്ഥാപകന്റെ പേര് നൽകി. 'മാർ യൂലിയോസ് പ്രസ്സ്' മെത്രാപ്പോലീത്തായുടെ സഹോദരനായ കോനാട്ട് മാത്തൻ മല്പാൻ, അദ്ദേഹത്തിന്റെ പുത്രൻ അബ്രഹാം കത്തനാർ എന്നിവർ ദീർഘകാലം നടത്തി. ഇവിടെ നിന്നും സുറിയാനിയിലും മലയാളത്തിലുമായി ഒട്ടേറെ ആരാധനക്രമങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. സീമത്ഹായെ എന്നൊരു സുറിയാനിപത്രവും ഇവിടെ നിന്നും കുറച്ചുകാലം മാത്തൻ മല്പാൻ പ്രസിദ്ധീകരിച്ചിരുന്നു. സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസ് 1982-ൽ ആരംഭിച്ചപ്പോൾ അബ്രഹാം കത്തനാരുടെ പുത്രനായ ജോൺസ് ഏബ്രഹാം കത്തനാർ, യൂലിയോസ് പ്രസ്സിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന ആരാധനക്രമങ്ങളുടെ പകർപ്പവകാശം സഭയ്ക്കു നൽകി.

1898-ലെ കുർബ്ബാനക്രമ പരിഭാഷ

പുലിക്കോട്ടിൽ ജോസഫ് കത്തനാർ, മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി ഇതിനോടകം അഭിഷേകം ചെയ്യപ്പെട്ടിരുന്നു. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ശ്രേഷ്ഠാനുമതിയോടുകൂടി 1898 ഓദോർ (മാർച്ച്) മാസത്തിൽ കോട്ടയം സുറിയാനി സെമിനാരി അദ്ധ്യാപകരും മല്പാന്മാരുമായിരുന്ന വട്ടശ്ശേരിൽ വി. ജെ. ഗീവർഗീസ് മല്പാനും കോനാട്ട് മാത്തൻ മല്പാനും കൂടി ചേർന്ന് വി. കുർബ്ബാനക്രമത്തിന്റെ പരിഭാഷ പ്രസിദ്ധീകരിച്ചു.

ഈ കുർബ്ബാനക്രമത്തിന്റെ കവർപേജിൽ ഇപ്രകാരം കാണുന്നു: "യാക്കോബായ സുറിയാനി കുർബ്ബാനക്രമം. നി. വ. ദി. ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ അനുമതിയോടുകൂടി സുറിയാനിയിൽ നിന്നു തർജ്ജിമ ചെയ്യപ്പെട്ടത്. മലയാള മനോരമ കമ്പനി (ക്ലിപ്തം) കോട്ടയം 1898."

ഈ തർജ്ജമയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ മനസ്സിലാക്കുവാൻ ഗ്രന്ഥത്തിന്റെ 'മുഖവുര' ഇവിടെ ഉദ്ധരിക്കുന്നു:

> ഈ ചെറിയ പുസ്തകം വി. കുർബ്ബാനയിൽ സംബന്ധിക്കുന്ന ശുശ്രൂഷക്കാരുടെയും ജനങ്ങളുടെയും ഉപയോഗത്തെ ഉദ്ദേശിച്ചു പ്രസിദ്ധപ്പെടുത്തുന്നതാകുന്നു. കുർബ്ബാനയിൽ പട്ടക്കാർ ചൊല്ലുവാനുള്ള ഭാഗങ്ങളിൽ എല്ലാ ക്രമങ്ങളിലും ഒന്നുതന്നെ ആയിട്ടുള്ള പരസ്യപ്രാർത്ഥനകൾ മുതലായവ കൂടി ഇതിൽ സമയനിശ്ചയത്തിനു വേണ്ടി അവിടവിടെ തർജ്ജിമ ചെയ്തു ചേർത്തിട്ടുള്ളതു പട്ടക്കാർക്കും ഉപയോഗപ്പെടുത്താവുന്നതാണ്.
>
> ഇതിൽ സുറിയാനിയിൽ പദ്യസ്വരൂപമായിട്ടുള്ള എല്ലാ ഭാഗങ്ങളും മൂലാനുരൂപങ്ങളായ വൃത്തങ്ങളിൽ തന്നെ ഉണ്ടാക്കുക, വാചകങ്ങൾ പരിശോധിക്കുക, പകർപ്പെഴുതുക, അച്ചടിപ്പിക്കുക മുതലായവയിൽ സഹായിച്ചിട്ടുള്ള കണ്ടത്തിൽ ഈപ്പൻ ഗീവറുഗീസ് (മനോരമ പത്രാധിപർ ആയിരുന്ന കണ്ടത്തിൽ വർഗീസ് മാപ്പിള - ലേഖകൻ) അവർകളെയും ഇടവഴിക്കൽ മാത്തു പീലിപ്പോസു (സഭാ ചരിത്രകാരനും മലങ്കര ഇടവകപത്രിക പത്രാധിപരുമായിരുന്ന ഇ. എം. പീലിപ്പോസ് - ലേഖകൻ) അവർകളെയും കുറിച്ചു ഞങ്ങൾ ഏറ്റവും കൃതജ്ഞന്മാർ ആയിരിക്കുന്നു.
>
> മലങ്കര ഇടവകയുടെ നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ അനുമതിയോടു കൂടി മാർ ദീവന്നാസ്യോസ് സിമ്മനാരി കമ്മിട്ടിയുടെ ചിലവിന്മേൽ അച്ചടിക്കപ്പെട്ടിട്ടുള്ള ഈ പുസ്തകത്തിനു പിന്നാലെ പ്രാർത്ഥനാക്രമങ്ങൾ മുതലായവയും ഓരോന്നോരോന്നായി തർജ്ജിമ ചെയ്തുവരുന്നവ പ്രസിദ്ധപ്പെടുത്തുവാൻ തയ്യാറുള്ള വിവരവും ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.
>
> കോട്ടയം 1898 മകരം
>
> മലങ്കര മല്പാന്മാർ - വട്ടശ്ശേരിൽ ഗീവറുഗീസു കത്തനാരു
> കോനാട്ട് മാത്തൻ കത്തനാരു

ഈ തർജ്ജിമയെക്കുറിച്ചുള്ള അന്നത്തെ ജനങ്ങളുടെ അഭിപ്രായം മനസ്സിലാക്കുവാൻ 1900-ാമാണ്ട് ധനു മാസത്തിൽ മലങ്കര ഇടവകപത്രികയിൽ യേശുദാസ് എന്ന വ്യക്തി എഴുതിയ 'പുതിയ കുർബ്ബാനക്രമം' എന്ന ലേഖനം ഉപകരിക്കും. ലേഖനം താഴെ ഉദ്ധരിക്കുന്നു:

പുതിയ കുർബ്ബാനക്രമം

> സുറിയാനിക്കാർ പ്രകൃത്യാ പരിഷ്കാര വിമുഖന്മാരാണ്. എത്രതന്നെ നിർദ്ദോഷവും കാലോചിതവും ആണെങ്കിലും ഏതെങ്കിലും ഒരു മാറ്റം അവരിൽ സംശയത്തെയാണ് സാധാരണ ജനിപ്പിക്കാറുള്ളതു. നമ്മുടെ മതസിദ്ധാന്തങ്ങൾ ആപാദചൂഡം നിർമ്മലങ്ങളാകയാൽ അതുകളെ പരിഷ്ക്കരിക്കുവാനുള്ള ശ്രമം, അപകടവും അസംബന്ധവും ആയിരിക്കുമെങ്കിലും, മറ്റു പല വിഷയങ്ങളിലും നമുക്കു കാലോചിതമായ പരിഷ്കാരം അത്യന്താപേക്ഷിതമാണെന്നുള്ളതിനു സംശയമില്ല. ഇതു

സംബന്ധിച്ചു പല സംഗതികളെയും പറയാനുണ്ടെങ്കിലും, ഏതൽകാലപര്യന്തമുള്ള പരിഷ്കാരത്തോടുകൂടിയ പുതിയ കുർബ്ബാനക്രമത്തെക്കുറിച്ചു മാത്രമാണ് ഈ ലേഖനത്തിൽ അല്പം പ്രസ്താവിക്കാൻ വിചാരിക്കുന്നതു.

കുറുബാനക്രമങ്ങൾ പല അച്ചുകൂട്ടങ്ങളിൽ നിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു ഞാൻ വായിച്ചിട്ടുണ്ടു. അതുകളിൽ ഓരോന്നിനും ഓരോതരം ന്യൂനതകൾ ആർക്കും പ്രത്യക്ഷത്തിൽ കാണാവുന്നതാണ്. ഈ പുസ്തകങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ പ്രായേണ അശുദ്ധവും പല ഭാഗങ്ങളിലും അർത്ഥവ്യക്തതയില്ലാത്തതുമാകുന്നു. അച്ചടിയുടെ വഷളത്വത്തെപ്പറ്റി ഒന്നും പറയാനുമില്ല. എന്നാൽ പുതിയ കുറുബാനക്രമത്തിൽ മേല്പറഞ്ഞ ദോഷങ്ങളിൽ ഒന്നുംതന്നെ കാണുന്നില്ലെന്നു അതു ഒരിക്കൽ വായിച്ചിട്ടുള്ള ആരും സമ്മതിക്കുന്നതാണ്.

സുറിയാനിഭാഷയിൽ അന്യാസാധാരണമായ പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള മലങ്കര മല്പാന്മാർ തർജ്ജമ ചെയ്തതാകയാൽ തർജ്ജമയിൽ യാതൊരബദ്ധവും വരാൻ ഇടയില്ലെന്നു അസൂയാന്ധന്മാരല്ലാത്ത ഏവർക്കും ബോദ്ധ്യമാകുന്നതാണു. മലയാള ഭാഷാപോഷിണി സഭാ സെക്രട്ടറിയായിരിക്കാൻ തക്ക സാമർത്ഥ്യവും പാണ്ഡിത്യവും ഉള്ള വറുഗീസു മാപ്പിളയവർകളും ഇതിൽ പ്രവൃത്തിച്ചിട്ടുള്ളതുകൊണ്ടു ഇതിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ ഉത്തമവും കാലോചിതവും ആയിരിക്കുമെന്നുള്ളതിനെപ്പറ്റി ആർക്കും വാദമുണ്ടായിരിക്കയില്ല. പട്ടക്കാർ ചൊല്ലേണ്ട പല ഭാഗങ്ങളും ഈ പുസ്തകത്തിൽ തർജ്ജമ ചെയ്തു ചേർത്തിട്ടുള്ളതുകൊണ്ടു ഈ പുസ്തകം അവർക്കും ഒരു വലിയ സഹായമായി തീർന്നിട്ടുണ്ട്. പദ്യം സുറിയാനി രാഗത്തിൽതന്നെ ഭാഷാന്തരം ചെയ്തതു ഒരു വലിയ വിശേഷം തന്നെയാണ്. ഇങ്ങനെ പല സംഗതികളും എടുത്തു പറയാനുണ്ട്.

നാമശ്രവണമാത്രത്തിൽ നാം അനുസരിക്കേണ്ട ആളായ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അനുമതിയോടുകൂടി പ്രസിദ്ധപ്പെടുത്തീട്ടുള്ള ഈ പുസ്തകം സകല പള്ളികളിലും ഉപയോഗിക്കേണ്ടതും ഉപയോഗിച്ചുവരുന്നതും ആണെങ്കിലും, ഇതു പ്രസിദ്ധപ്പെടുത്തിയ കാലത്തു ചിലർ ഇതിനെ വിരോധിക്കാൻ ചെയ്ത വിഫലമായ യത്നത്തെ സംബന്ധിച്ചു അധികം വിസ്തരിക്കണമെന്നു തോന്നുന്നില്ല. മാർ അപ്രേം മുതലായ പുണ്യവാന്മാരെ ജയിക്കത്തക്ക സുറിയാനി ഭാഷാപാണ്ഡിത്യമുള്ളവരും അതു മേലധികാരിയെയും (പക്ഷേ ദൈവത്തെ കൂടിയും) കൂട്ടാക്കുന്നതല്ലെന്നും അങ്ങനെ കൂട്ടാക്കാത്തതു ഒരവസ്ഥയാണെന്നും വിചാരിക്കുന്നവരുമായ ചുരുക്കം ചിലരും നമ്മുടെ ഇടയിലുണ്ടു. പക്ഷേ ഈ വകക്കാരുടെ നിസ്സാരമായ അഭിപ്രായം സുറിയാനിക്കാർ അശേഷം ഗണ്യമാക്കാതിരിക്കുന്നതുകൊണ്ടു ഒട്ടുംതന്നെ പ്രബലപ്പെടാതെ പോകുന്നതു സന്തോഷകരം തന്നെ.

രണ്ടാം പതിപ്പു കഴിഞ്ഞിട്ടുള്ള ഈ പുസ്തകത്തെക്കുറിച്ചു ഇങ്ങനെ ഒരു ലേഖനം ഇത്ര താമസിച്ചെഴുതാനുണ്ടായ പ്രധാന കാരണം താഴെ വിവരിക്കുന്നതാണു. സാധാരണ ഞായറാഴ്ചകളിൽ ഇതിലെ മിക്ക പദ്യഭാഗങ്ങളും ഉപയോഗിച്ചു കാണുന്നില്ല. വിശേഷദിവസങ്ങളിൽ മാത്രമേ ഇതുകൾ മുഴുവൻ ഉപയോഗിക്കാൻ സൗകര്യം കാണുന്നുള്ളു. അതിനാൽ സാധാരണ ദിവസങ്ങളിലെ ഉപയോഗത്തിനായിക്കൊണ്ടു പദ്യങ്ങളുടെ ചുവടെ അതുകളുടെ സാരം ഗദ്യത്തിൽ എഴുതിയാൽ നന്നായിരിക്കുമെന്നു ഇനിക്കു പലപ്പോഴും തോന്നീട്ടുള്ളതാണ്. ഈ പുസ്തകം സാധാരണ ഞായറാഴ്ചകളിൽ ഉപയോഗിക്കാറുള്ള പലർക്കും ഈ അഭിപ്രായം തോന്നാതിരിക്കാൻ ഇടയില്ലെന്നാണ് എന്റെ വിശ്വാസം. ഈ അഭിപ്രായം ആദരണീയമാണെന്നു ഭാരവാഹികൾക്കു തോന്നുന്നുണ്ടെങ്കിൽ, അടുത്ത പതിപ്പിൽ ഗദ്യഭാഗങ്ങളും ചേർത്തു കാണ്മാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ ഇടവകപ്പത്രികയ്ക്കുള്ള അഭിപ്രായം എന്തെന്നു അറിവാൻ കാത്തിരിക്കുന്നു.

യേശുദാസ്

ഈ കുർബ്ബാനക്രമത്തിന്റെ മൂന്നാം പതിപ്പ് 1901-ൽ പ്രസിദ്ധീകരിച്ചു. അതിന്റെ കവർപേജിൽ ഇപ്രകാരം കാണുന്നു: "യാക്കോബായ സുറിയാനി കുർബ്ബാനക്രമം. സുറിയാനി ഭാഷയിൽ നിന്നു തർജ്ജിമ ചെയ്തത്. മൂന്നാം പതിപ്പ്. മലയാള മനോരമ കമ്പനി (ക്ലിപ്തം) കോട്ടയം (1901)."

ക്യംതാ പ്രാർത്ഥനക്രമം

1902-ൽ മലങ്കര മല്പാന്മാരായിരുന്ന വട്ടശ്ശേരിൽ ഗീവർഗീസ് മല്പാനും കോനാട്ട് മാത്തൻ മല്പാനും കൂടി ചേർന്ന് ക്യംതാ പ്രാർത്ഥന ക്രമം വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു. ക്യംതാ പ്രാർത്ഥനാക്രമത്തോടൊപ്പം വി. കുർബ്ബാനക്രമവും കൂടി ചേർത്താണ് പ്രസിദ്ധീകരിച്ചത്. ഗ്രന്ഥത്തിന്റെ പേര് "ക്യംതാ പ്രാർത്ഥനാക്രമം - കുർബ്ബാനക്രമം ചേർന്നത്" എന്നായിരുന്നു. ഈ വിവർത്തനം ഭാഷാപരമായ പരിഷ്കാരം പോലും വരുത്താതെ ഇന്നും മലങ്കര ഓർത്തഡോക്സ് സഭയിൽ പ്രചാരത്തിലിരിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ കവർപേജിൽ ഇപ്രകാരം കാണുന്നു: "ക്യംതാ പ്രാർത്ഥനാക്രമം. കുർബ്ബാനക്രമം ചേർന്നത്. സുറിയാനിയിൽ നിന്നു തർജ്ജിമ. മലയാളമനോരമ കമ്പനി (ക്ലിപ്തം) കോട്ടയം. 1902." ഇതിന്റെ രണ്ടാം പതിപ്പ് 1903-ൽ പ്രസിദ്ധീകൃതമായി.

ഈ വിവർത്തനം പ്രസിദ്ധീകരിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് മുഖവുരയിൽ വിവർത്ത

കർ തന്നെ പറയുന്നത് കാണുക:

> ആണ്ടൊട്ടുക്ക് ഓരോ ഞായറാഴ്ച ദിവസങ്ങൾക്കും, വിശേഷ ദിവസങ്ങൾക്കും നോമ്പു ദിവസങ്ങൾക്കും മറ്റു സാധാരണ ദിവസങ്ങൾക്കും പ്രത്യേകം പ്രത്യേകം പ്രാർത്ഥനക്രമങ്ങൾ നമ്മുടെ വിശുദ്ധ സഭയിൽ വിശുദ്ധ പിതാക്കന്മാർ ഏർപ്പെടുത്തീട്ടുണ്ട്. എങ്കിലും മലയാളത്തുള്ള അന്മേനികൾക്ക് ഉപയോഗപ്പെടത്തക്കവണ്ണം ഇതിന്റെ ചില അംശങ്ങൾ മാത്രമേ നാട്ടുഭാഷയിൽ മുമ്പിനാലെ തർജ്ജിമ ചെയ്ത് നടപ്പുവന്നിട്ടുള്ളു. പട്ടക്കാർ മാത്രം ഉപയോഗിച്ചുവരുന്ന സുറിയാനി പ്രാർത്ഥനാക്രമങ്ങളിലുള്ള അസംഖ്യം ഗാനങ്ങളെ അതേമട്ടിൽ മലയാളത്തിൽ ഉണ്ടാക്കി ഉപയോഗിച്ചുകൂടെയോ എന്നു നമ്മുടെ വിശുദ്ധ പിതാവായ പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ട് ഇവിടെ എഴുന്നള്ളിത്താമസിക്കുന്ന കാലത്ത് ഒരു സന്ദർഭവശാൽ കല്പിച്ചിട്ടുമുണ്ട്. ഇതനുസരിച്ചും, പ്രത്യേകം സുറിയാനിഭാഷ പരിചയമില്ലാത്ത ആളുകളുടെ ആവശ്യത്തെ വിചാരിച്ചും, സാധാരണമായി നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തിന്റെ ഓർമ്മയെ കൊണ്ടാടുവാൻ ഉദ്ദേശിച്ചിട്ടുള്ള ഞായറാഴ്ച ദിവസങ്ങൾക്കു പൊതുവെ ഉപയോഗപ്പെടത്തക്കവണ്ണമുള്ള പല ഗാനങ്ങളും നമ്മുടെ പിതാവായ നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് സുറിയാനി മട്ടുകളിൽ തന്നെ മലയാളത്തിൽ തർജ്ജിമ ചെയ്ത് വെച്ചിരുന്നത് അവിടുത്തെ കൃത്യാന്തരബാഹുല്യം നിമിത്തം പൂർത്തിയാക്കുവാനോ പരിശോധിച്ചു നന്നാക്കാനോ ഇടയാകാതെ കിടന്നു പോകയാൽ ഞങ്ങളെ ഏല്പിക്കുകയും ഞങ്ങൾ രണ്ടാളും കൂടി ഈ ഗാനങ്ങളെ സുറിയാനി മൂലത്തോട് ഒത്തുനോക്കി പോരാത്തവയെ ചേർത്തു കണ്ടത്തിൽ ഈപ്പൻ ഗീവറുഗീസ് അവർകളുടെ സഹായത്താൽ സുറിയാനി വൃത്തങ്ങൾക്ക് ഭേദം കൂടാതെ ഉണ്ടാക്കി ശരിപ്പെടുത്തുകയും ഇടയ്ക്കിടയ്ക്കുള്ള മസുമൂറാകൾ, പ്രാർത്ഥനകൾ മുതലായവയെ ചേർത്ത് ക്രമപ്പെടുത്തുകയും ചെയ്തിട്ടുള്ളതാകുന്നു ഈ ചെറിയ പുസ്തകം. ഇതിൽ ഏഴു യാമങ്ങൾക്കും ഉള്ള പ്രാർത്ഥനകൾ സുറിയാനിയിലെ ക്രമമനുസരിച്ച് വേറെ വേറെ ഇട്ടിരിക്കുന്നു. എങ്കിലും എല്ലാവർക്കും ഏഴുനേരവും പ്രാർത്ഥിപ്പാനുള്ള പ്രയാസം "ഇടവിടാതെ പ്രാർത്ഥിപ്പിൻ" എന്നുള്ള വേദവിധിയുടെ താൽപര്യം അനുസരിച്ച് വിശുദ്ധ പിതാക്കന്മാരാൽ ഓരോ യാമത്തേക്കു നിയമിക്കപ്പെട്ടിരിക്കുന്ന പ്രാർത്ഥനകൾ മുഴുവൻ അനുഷ്ഠിക്കാഞ്ഞാലൊ എന്നുള്ള ശങ്കയും നിമിത്തം സാധാരണമായി എല്ലാവരും രാത്രിയിലും പ്രഭാതസമയത്തും, മൂന്നാം മണി നേരത്തും ഉച്ചയ്ക്കും ഉള്ള പ്രാർത്ഥനകൾ ഒന്നായി പ്രഭാതസമയത്ത് കഴിക്കുകയും ഒമ്പതാം മണി നേരത്തും സന്ധ്യയ്ക്കും സൂത്താറായ്ക്കും ഉള്ള പ്രാർത്ഥനകൾ ഒന്നായി സന്ധ്യാസമയത്ത് കഴിക്കുകയും ചെയ്തു വരുന്നതിനാൽ ഏഴുനേരവും പ്രാർത്ഥിപ്പാൻ സൗകര്യമില്ലാത്തവർ മേല്പറഞ്ഞ പതിവനുസരിച്ച് രണ്ടുനേരമായി പ്രാർത്ഥിക്കാവുന്നതും, അങ്ങനെ രണ്ടുനേരമായി പ്രാർത്ഥിക്കുമ്പോൾ എല്ലാ പ്രാർത്ഥനയും "പിതാവും പുത്രനും വിശുദ്ധ റൂഹായുമായ" ഇത്യാദി ആരംഭവും അവസാനത്തിൽ ചൊല്ലുവാനുള്ള വിശ്വാസപ്രമാണം മുതലായവയും പ്രത്യേകം പ്രത്യേകം എല്ലാ യാമപ്രാർത്ഥനകളുടെയും ആദിയിലും അവസാനത്തിലും ചൊല്ലാതെ ആദിയിലും അവസാനത്തിലും ഒരിക്കൽ മാത്രം ചൊല്ലിയാൽ മതിയാകുന്നതും ആകുന്നു. പ്രാർത്ഥനയുടെ അവസാനത്തിൽ ചൊല്ലുവാനുള്ള വിശ്വാസപ്രമാണം, ബസ്മൽക്കൊ, ഹൂത്തോമ്മാ മുതലായവ ഓരോ യാമപ്രാർത്ഥനയുടെയും, അവസാനത്തിൽ ചേർക്കാതെ കൃതാ പ്രാർത്ഥനാക്രമത്തിന്റെ അവസാനത്തിൽ .... -ാം പുറം മുതൽ ചേർത്തിരിക്കുന്നതും, ആയതു പ്രാർത്ഥനയുടെ അവസാനത്തിൽ ചേർത്തു ചൊല്ലേണ്ടതും ആകുന്നു. എന്നാൽ പട്ടക്കാരൻ കൂടെയില്ലാതെ അന്മേനികൾ തനിച്ചു പ്രാർത്ഥിക്കുന്നതായാൽ പട്ടക്കാരൻ എന്നും പ്രതിവാക്യമെന്നും ആദിയിൽ ഇട്ടിരിക്കുന്ന ഭാഗങ്ങളും ഏവൻഗേലിയോൻ വായനയും അതിനെ സംബന്ധിച്ചുള്ളതും ബസ്മൽക്കോ, സാദീക്കൊ, അക്ദംമ്രാഹേം, കൊഹനൈക്, നെൽബശൂൻ, ഹൂത്തോമ്മാ ഇവയും ഒഴിച്ച് ശേഷമുള്ള ഭാഗങ്ങൾ മാത്രം ഉപയോഗിക്കേണ്ടതാകുന്നു.
>
> വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ
> കോനാട്ട് മാത്തൻ കത്തനാർ

മാർ ദീവന്നാസ്യോസിന്റെ കല്പനകൾ

1889-ൽ കോട്ടയം സുറിയാനി സെമിനാരിയിൽ സെന്റ് തോമസ് പ്രസ്സ് പ്രവർത്തനമാരംഭിച്ചു. സെമിനാരി വ്യവഹാരം അവസാനിച്ച് വിധി നടത്തി വാങ്ങിയ സ്വത്തുക്കളുടെ കൂട്ടത്തിൽ ഒരു പ്രസ്സും സാമഗ്രികളും ഉണ്ടായിരുന്നു. പാലക്കുന്നത്ത് മാർ അത്താനാസ്യോസ് സ്ഥാപിച്ചതായിരുന്നു പ്രസ്സ്. പുലിക്കോട്ടിൽ മെത്രാപ്പോലീത്താ അതിന് 'സെന്റ് തോമസ് പ്രസ്' (മാർത്തോമസ് അച്ചുകൂടം) എന്ന് നാമകരണം ചെയ്തു. മെത്രാപ്പോലീത്താ 1870-ൽ കൊച്ചിയിൽ ആരംഭിക്കുകയും പിന്നീട് നിന്നുപോവുകയും ചെയ്ത പ്രസ്സിന്റെ പേരും 'സെന്റ് തോമസ് പ്രസ്' എന്നായിരുന്നു. കോട്ടയം സെമിനാരിയിൽ ആരംഭിച്ച സെന്റ് തോമസ് പ്രസ്സിൽ നിന്നും സുറിയാനിയിലും മലയാളത്തിലും ആരാധനക്രമങ്ങൾ പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. ഇതോടെ മറ്റ് പ്രസ്സുകളിൽ അച്ചടിച്ച ആരാധനക്രമങ്ങളെ റദ്ദാക്കിക്കൊണ്ട് പുലിക്കോട്ടിൽ മെത്രാപ്പോലീത്താ സുപ്രധാനമായ ഒരു കല്പന 1892-ൽ പുറപ്പെടുവിച്ചു. ആരാധനക്രമങ്ങളുടെ അച്ചടിയും വില്പനയും സംബന്ധിച്ച് മെത്രാപ്പോലീത്താ അയച്ച അഞ്ച് കല്പനകൾ കാണുക:

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസിൽ നിന്നും

സുറിയാനി സത്യവിശ്വാസ സഭയിലെ നമസ്കാര പുസ്തകങ്ങൾ പരിഷ്കരിച്ച് മലയാളഭാഷയിൽ നമ്മുടെ സെമിനാരി മാർത്തോമ്മസു അച്ചുകൂട്ടത്തിൽ അച്ചടിപ്പിച്ചു സത്യവിശ്വാസികളുടെ ആവിശ്യത്തിനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിനാൽ, അന്യഅച്ചുകൂട്ടങ്ങളിൽ ഇതിനു മുമ്പുണ്ടായിട്ടുള്ള പതിപ്പുകളെ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

സെമിനാരിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ ജനങ്ങൾ ധാരാളമായി വാങ്ങി ഉപകരിക്കാവുന്നതും അല്ലാത്ത പതിപ്പുകൾ വാങ്ങുന്നത് സൂക്ഷിച്ചും വേണ്ടിയിരിക്കുന്നു എന്നു നമ്മുടെ സത്യവിശ്വാസ സഭയിൽ ഉൾപ്പെട്ട എല്ലാവരെയും ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

1892 മീനം 24-നു

(മലങ്കര ഇടവകപത്രിക, 1892 മീനം)

നമ്പർ 30

മലങ്കര ഇടവകയുടെ
മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ സുറിയാനി സത്യവിശ്വാസ സഭയിലെ നമസ്കാര പുസ്തകങ്ങൾ പരിഷ്ക്കരിച്ച് മലയാള ഭാഷയിൽ സിമ്മനാരി വക മാർ തോമസ് അച്ചുകൂട്ടത്തിൽ അച്ചടിപ്പിച്ച് സത്യവിശ്വാസികളുടെ ആവശ്യത്തിനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിനാൽ ഇതിനു മുമ്പ് അന്യഅച്ചുകൂട്ടങ്ങളിൽ അച്ചടിച്ചിട്ടുള്ള പുസ്തകങ്ങളെ റദ്ദാക്കിയിരിക്കുന്നതായി 128-ാം നമ്പർ 3-ാം ലക്കം പത്രികയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു പോലെ സിമ്മനാരിയിൽ നിന്ന് പ്രസിദ്ധപ്പെടുത്തുന്ന നമസ്കാര പുസ്തകങ്ങൾ മാത്രമേ വാങ്ങി ഉപകരിക്കാവൂ എന്ന് നമ്മുടെ സത്യവിശ്വാസ സഭയിൽ ഉൾപ്പെട്ട എല്ലാവരെയും ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

എന്ന് 1893 മകരം 26-ാം തീയ്യതി
കോട്ടയത്തു സിമ്മനാരിയിൽ നിന്നും

(ഇടവകപത്രിക 1893, പു. 2, ലക്കം 2)

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

നമ്മുടെ മാർതോമസ് അച്ചുകൂടം മാനേജർ കെ. വി. ഈപ്പന് വാഴ്‌വ്.

അച്ചുകൂട്ടം വകയ്ക്ക് പുസ്തകം വകയായും ഇടവകപത്രിക വകയായും അനേകം പണങ്ങൾ പിരിഞ്ഞു കിട്ടുവാനുള്ളത് ശരിയായി കിട്ടാത്തതിനാൽ വേല നടത്തിപ്പിന് വളരെ വിഘ്നങ്ങൾ നേരിട്ടുവരുന്നു എന്നും രണ്ടിനങ്ങളിലും പണം തരുവാനുള്ളവരുടെ മേൽ അന്യായപ്പെട്ട് ഈടാക്കുന്നതിന് അനുവാദം കിട്ടണമെന്നും മറ്റും നീ അയച്ച എഴുത്തു കിട്ടി വായിച്ചു കണ്ടതിൽ വ്യസനിക്കുന്നു.

അച്ചുകൂട്ടം വകയ്ക്ക് പിരിഞ്ഞു കിട്ടുവാനുള്ള പണങ്ങൾ കുടിശ്ശികയിൽ കിടന്നാൽ വളരെ കുഴപ്പങ്ങൾക്കിടയുള്ളതാകകൊണ്ട് അവ പിരിച്ച് ഈടാക്കേണ്ടത് എത്രയും ആവശ്യമാണ്. ആരിൽ നിന്നെല്ലാം പണം പിരിവാനുണ്ടോ ആ വകയ്ക്ക് പ്രത്യേകം വിവരമായ ഒരു ലിസ്റ്റ് തയ്യാറാക്കി വച്ചുംകൊണ്ട് ഓരോരുത്തർക്ക് നോട്ടീസ് കൊടുത്ത് വ്യവഹാരം കൂടാതെ പിരിച്ചെടുക്കുവാൻ ഇടയുണ്ടെങ്കിൽ കഴിയും മട്ടും അങ്ങനെ പിരിക്കണം. അതിന് വഴിപ്പെടാതെ നില്ക്കുന്നവരുടെ മേൽ മുറയ്ക്ക് അന്യായപ്പെട്ട് ഈടാക്കിക്കൊള്ളുന്നതിന് നാം അനുവദിച്ചിരിക്കുന്നു.

എന്ന് 1072 മീന മാസം 28-ാം തീയ്യതി കോട്ടയത്ത് സിമ്മനാരിയിൽ നിന്നും.

(ഇടവകപത്രിക 1897 ഓദോർ - മീനം, പു. 6, ല. 3)

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ്
മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കെത്രയും സ്നേഹിക്കപ്പെട്ട ആത്മിക പുത്രനാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്‌വ്.

ശുശ്രൂഷ പുസ്തകം അച്ചടിച്ച് നമ്മുടെ പേർക്ക് അയച്ചതായ പുസ്തകം കിട്ടി. കണ്ടതിൽ വളരെ സന്തോഷിക്കുന്നു. പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന സംഗതികൾ വളരെ നല്ലത്. എങ്കിലും നമ്മുടെ പട്ടക്കാർക്കും ശെമ്മാശന്മാർക്കും പരിചയിച്ചിട്ടില്ലായ്കയാൽ തൽക്കാലം ചിലവ് ചുരുക്കമായി വരികയില്ലയോ എന്ന് സംശയിക്കുന്നു. തൽക്കാലമുള്ള ചിലവ് ചുരുക്കത്തെക്കുറിച്ച് വിഷാദിപ്പാനില്ല. പിന്നീട് ധാരാളം ചെലവായിക്കൊള്ളും. അച്ചടിച്ചെലവുകൾക്കുണ്ടായിരിക്കുന്ന വ്യയം പള്ളികൾതോറും ഓരോ പുസ്തകമെങ്കിലും എടുപ്പാൻ തക്കവണ്ണം കല്പനയോടു കൂടെ പുസ്തകങ്ങൾ

അയച്ച് പിരിപ്പിച്ചാൽ ചിലവർപ്പ് പണം ഉടനെ ഉണ്ടാകുമെന്നും വിചാരിക്കുന്നു. അതിനാൽ പത്തോ അമ്പതോ പുസ്തകം ഇവിടെ എത്തിച്ചു തന്നാൽ പള്ളികൾക്ക് എഴുതി അയച്ച് പിരിപ്പിക്കാമെന്ന് വിചാരിക്കുന്നു. ...

സർവശക്തനായ ദൈവത്തിന്റെ കൃപ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1078 വൃശ്ചികം 27-ന് നിരണത്തു പള്ളിയിൽ നിന്നും (ഒപ്പ്)

പുതുതായി അച്ചടിച്ച ആരാധനക്രമങ്ങളെ സംബന്ധിച്ച് ഇടവകകളെ അറിയിച്ചുകൊണ്ട് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് 1907-ൽ അയച്ച കല്പന കാണുക:

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ്
മെത്രാപ്പോലീത്താ എഴുത്ത്

(മുദ്ര)

നമ്മുടെ മലങ്കരയുള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയമുള്ളവരെ! സുറിയാനിക്കാരായ നമ്മുടെ പള്ളിക്രമങ്ങൾ എല്ലാം സുറിയാനി ഭാഷയിൽ തന്നെ പൂർവ്വകാലം മുതല്ക്കെ നടത്തിവരുന്നതും അങ്ങിനെ തന്നെ വേണമെന്നു നിർബന്ധമുള്ളതും ആകുന്നു. എന്നാൽ കുറച്ചു കാലങ്ങൾക്കു മുമ്പു വരെയും സുറിയാനിപ്പുസ്തകങ്ങൾ എല്ലാം തന്നെ കയ്യെഴുത്തായിരുന്നതിനാൽ എല്ലാ സ്ഥലങ്ങളിലും ആവശ്യപ്പെട്ട എല്ലാ പുസ്തകങ്ങളും കിട്ടുന്നതിനും ഉപയോഗിക്കുന്നതിനും സംഗതിയായിട്ടുണ്ടോ എന്നു സംശയിക്കുന്നു.

എങ്കിലും നമ്മുടെ മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാരുടെ അക്ഷീണ പരിശ്രമത്താൽ ആവശ്യപ്പെട്ട മിക്ക പുസ്തകങ്ങളും അച്ചടിപ്പിച്ചു പൊതുവിൽ ഉപയോഗയോഗ്യമാക്കിതീർത്തിരിക്കുന്നു.

ഏതാനും ചില പുസ്തകങ്ങൾ നമ്മുടെ സിമ്മനാരിയിലും അടിച്ചിട്ടുള്ള വിവരം നിങ്ങൾക്കും അറിവുണ്ടല്ലോ. അടിക്കുന്ന പുസ്തകങ്ങൾ അപ്പപ്പോൾ വിറ്റുപിരിഞ്ഞു, ചിലവായ സംഖ്യയെങ്കിലും ഈടാകാതെ വേറെ പുസ്തകങ്ങൾ അടിക്കുന്നതിനു നിവൃത്തിയില്ലാത്തവണ്ണം സുറിയാനി അച്ചടിക്കു കൂടുതൽ പ്രയാസവും നഷ്ടവും ഉള്ളതുകൊണ്ടു എല്ലാ പട്ടക്കാരും സുറിയാനി പുസ്തകങ്ങളുടെ ഓരോ പ്രതി വാങ്ങിക്കേണ്ടതു ആവശ്യമാണ്.

അതുകൂടാതെ മുന്നുനോമ്പിന്റെ നമസ്കാരം പാത്രിയർക്കീസുബാവാ മലയാളത്തു വന്നിരുന്ന സമയം കൊണ്ടുവന്നിരുന്നതും ഇവിടെ ഉപയോഗിച്ചു വരുന്നവയുമായ പുസ്തകം ഇപ്പോൾ സിമ്മനാരിയിൽ അച്ചടിച്ചു തീർന്നിരിക്കുന്നു. മൂന്നുനോമ്പു അടുത്തിരിക്കുന്ന ഈ അവസരത്തിൽ എല്ലാ പള്ളികൾക്കും ടി പുസ്തകത്തിന്റെ ഈരണ്ടു പ്രതികൾ അയയ്ക്കേണ്ടതു ആവശ്യമെന്നു തോന്നുകയാൽ അതിൻപ്രകാരം വി.പി. ആയി അയയ്ക്കുന്ന പുസ്തകങ്ങളെ പള്ളി കൈക്കാരന്മാർ വാങ്ങിക്കൊണ്ടു അതിന്റെ വില സിമ്മനാരിയിൽ എത്തിച്ചുകൊടുക്കയും വേണം.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1907 മകരം 29-നു
വടക്കൻപറവൂർ പള്ളിയിൽ നിന്നും

(ഒപ്പ്)

(മലങ്കര ഇടവകപത്രിക, 1907 മകരം)

മാർത്തോമ്മസ് അച്ചുകൂടം വക പ്രസിദ്ധീകരണങ്ങൾ

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ കാലഘട്ടത്തിൽ മലങ്കരസഭയിൽ പ്രസിദ്ധീകരണങ്ങൾ തഴച്ചുവളർന്നു. മെത്രാപ്പോലീത്താ ഈ പ്രസിദ്ധീകരണങ്ങൾക്ക് വിത്തും വളവുമേകി. മലങ്കരസഭയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് അഞ്ച് മാസികകൾ (ഒരെണ്ണം സുറിയാനി മാസികയായിരുന്നു) ഈ കാലഘട്ടത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണവിഭാഗമായി പ്രവർത്തിച്ചിരുന്നത് കോട്ടയം പഴയസെമിനാരിയിലുള്ള സെന്റ് തോമസ് പ്രസ്സ് (മാർത്തോമസ് അച്ചുകൂടം) ആയിരുന്നു. ഈ പ്രസ്സിൽ നിന്നും പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ ഒരു ലിസ്റ്റ് കാണുക (മലങ്കര ഇടവകപത്രിക, 1905 മീനം):

സുറിയാനി മുഴുവൻ നമസ്കാരക്രമം, സുറിയാനി ശ്ഹീമാപ്പടി നമസ്കാരക്രമം, സുറിയാനി ഉയിർപ്പിന്റെ നമസ്കാരക്രമം, സുറിയാനി കുറിപ്പു പുസ്തകം, വലിയ നമസ്കാരക്രമം (മുഴുവൻ), ചെറിയ അക്ഷരത്തിൽ (മുഴുവൻ), ചെറിയ നൊയമ്പിന്റെ, സാധാരണ നമസ്കാരക്രമം, കുർബ്ബാനക്രമം ചെറിയതു, സുറിയാനി ഭാഷാചരിത്രം,

ഊർശ്ശലെം യാത്രാവിവരണം, മത്തായി ശ്ലീഹായുടെ നമസ്കാരം, ഗീവറുഗീസു സഹദായുടെ ചരിത്രം, പള്ളിപ്പാട്ടുകൾ, മാർഗ്ഗംകളിപ്പാട്ടു, മാറല്ലെശുപാന, ദൂവാദിൻ വിവാഹഗീതം, വ്യാകുലപ്രലാപം, ക്രിസ്തീയ കീർത്തനം, മതസംഗതി (വട്ടശ്ശേരിൽ ഗീവർഗീസ് മല്പാൻ രചിച്ചത്), മതൊപദേശപാലനം, പാപ്പായുടെ സർവാധിപത്യ കുഠാരം (ഇ. എം. ഫീലിപ്പോസ് രചിച്ചതാണെന്നു തോന്നുന്നു), ചോദ്യോത്തരം (സണ്ടേസ്കൂൾ വക), ചോദ്യോത്തരം ഒന്നാം ഭാഗം, ചോദ്യോത്തരം രണ്ടാം ഭാഗം, ബാലപാഠം, വൈദ്യമാലിക, പത്രോസിന്റെ സിംഹാസനം, പ്രസംഗം (പയ്യമ്പള്ളി ദാവീദു കത്തനാർ), ശ്രീരാമൊദന്തം ഭാഷാകാവ്യം, അർത്ഥാഗ്രഹ കുഠാരം, മക്കുബായക്കാരുടെ പുസ്തകവും ശലോമോന്റെ മഹാജ്ഞാനവും കൂടിയത് (കടവിൽ പൗലോസ് മാർ അത്താനാസ്യോസ് വലിയതിരുമേനി രചിച്ചത്), സഹദെന്മാരുടെ ചരിത്രം (കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ - പ. ഗീവർഗീസ് രണ്ടാമൻ ബാവാ - രചിച്ച് 1901-ൽ പ്രസിദ്ധീകരിച്ചത്), പരിശുദ്ധന്മാരുടെ ചരിത്രം (കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ രചിച്ച് 1902-ൽ പ്രസിദ്ധീകരിച്ചത്), രഹസ്യപ്രാർത്ഥനകൾ (കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ രചിച്ച് 1901-ൽ പ്രസിദ്ധീകരിച്ചത്), മസുമൂറു (കടവിൽ പൗലോസ് മാർ അത്താനാസ്യോസ് വലിയതിരുമേനി രചിച്ചത്), മാർ ദീവന്നാസ്യോസു ചരിത്രഗാനം (ചിങ്ങവനം പുലാത്തുരുത്തിൽ ചാക്കോ ചാക്കോ എന്ന അന്ധകവി രചിച്ചത്), മാർ ഗ്രീഗോറിയോസു പാന (ചിങ്ങവനം പുലാത്തുരുത്തിൽ ചാക്കോ ചാക്കോ എന്ന അന്ധകവി രചിച്ചത്), എന്റെ മക്കൾ, മ്ശീഹൈക്കു സ്വഭാവം.

കടവിൽ പൗലോസ് മാർ അത്താനാസ്യോസിന്റെ തർജ്ജമകൾ

കോട്ടയം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന കടവിൽ പൗലോസ് മാർ അത്താനാസ്യോസ് (1833-1907) വേദപുസ്തകം മലയാള ഭാഷയിലേക്ക് തർജ്ജമ ചെയ്യുന്നതിൽ ഉത്സാഹിച്ചു പ്രവർത്തിച്ചു. 1811-നു ശേഷം മലങ്കരസഭയിൽ ആദ്യമായുണ്ടായ ഒരു പരിഭാഷാശ്രമമാണിതെന്നു തോന്നുന്നു. മഖാബിയർ, രൂഥ്, തൂബീദ്, മസുമൂർ മുതലായ അനേകം പുസ്തകങ്ങൾ മെത്രാപ്പോലീത്താ മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്.

പുന്നൂസ് റമ്പാന്റെ തർജ്ജമകൾ

പ. ഗീവർഗീസ് ദ്വിതീയൻ ബാവാ റമ്പാനായിരുന്ന കാലഘട്ടത്തിൽ (പുന്നൂസ് റമ്പാൻ) ഒമ്പതു ഗ്രന്ഥങ്ങൾ സുറിയാനിയിൽ നിന്നു പരിഭാഷപ്പെടുത്തി മാർത്തോമസ് അച്ചുകൂടത്തിൽ നിന്നു പ്രസിദ്ധീകരിച്ചു. അവയുടെ പേരുകളും ബ്രാക്കറ്റിൽ പ്രസിദ്ധീകരണ വർഷവും:

1. പരിശുദ്ധ സഹദേന്മാരുടെ ചരിത്രം (1901), 2. പരിശുദ്ധ സ്ത്രീകളുടെ ചരിത്രം (1905), 3. മാർ അന്തോനിസു ചരിത്രം (1906), 4. പരിശുദ്ധന്മാരുടെ ചരിത്രം (1902), 5. മാർ ശെമഊൻ ദെസ്തുനെയുടെ ശ്രേഷ്ഠത (1906), 6. അലക്സന്ത്ര്യായുടെ പാത്രിയർക്കീസായ മാർ യൂഹാനോൻ മ്റഹ്മ്മോനെ (1907), 7. പർദൈസാ, 8. രഹസ്യപ്രാർത്ഥന (1900).

ഔഗേൻ ബാവായുടെ സംഭാവനകൾ

ആരാധനക്രമങ്ങളുടെ തർജ്ജമയിലും പ്രസിദ്ധീകരണത്തിലും ഔഗേൻ കാതോലിക്കാബാവാ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മലങ്കരസഭയിലും അന്ത്യോഖ്യയിലും ഔഗേൻ ബാവായെപ്പോലെ സുറിയാനി ഭാഷാ പണ്ഡിതനായി 20-ാം നൂറ്റാണ്ടിൽ വേറെ ആരും ഉണ്ടായിട്ടില്ല. അജീവനാന്തം എഴുത്തും വായനയും പഠനവുമായി കഴിച്ചുകൂട്ടിയ ഒരു മഹാനായിരുന്നു അദ്ദേഹം. പ്രായം തൊണ്ണൂറിനോടടുത്തെത്തിയിട്ടും സുറിയാനിയിലും മലയാളത്തിലും കവിതകളും ഗ്രന്ഥങ്ങളും രചിക്കത്തക്കവിധമുള്ള ഭാഷാസ്വാധീനവും ഓർമ്മശക്തിയും കർമ്മശേഷിയും അദ്ദേഹം പ്രദർശിപ്പിച്ചിട്ടുണ്ട്. കോനാട്ട് മാത്തൻ മല്പാൻ തർജ്ജമ ചെയ്തു വച്ചിരുന്ന പുതിയനിയമം പരിശോധിച്ച് അച്ചടിപ്പിച്ചത് കൂടാതെ നിരവധി ഗ്രന്ഥങ്ങൾ സുറിയാനിയിൽ നിന്നു പരിഭാഷപ്പെടുത്തുകയും ഏതാനും ആരാധനക്രമങ്ങൾ പുതുതായി രചിക്കുകയും ചെയ്തു. ബാവായുടെ ഗ്രന്ഥങ്ങളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു. ബ്രാക്കറ്റിൽ പ്രസിദ്ധീകരണ വർഷവും മറ്റു വിവരങ്ങളും.

തർജ്ജമകൾ

1. ഒരു വർഷം വരുന്ന എല്ലാ പ്രത്യേക ദിവസങ്ങളിലെയും പ്രാർത്ഥനകൾ അടങ്ങുന്ന പെൻഗീസാ നമസ്കാരങ്ങൾക്കുള്ള പ്രുമിയോൻ (1948).
2. നോമ്പിലെ പ്രുമിയോൻ.
3. കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരം - പദ്യരൂപത്തിൽ (1971-ൽ ഫാ. ഡേവിഡ് ചെറുതോട്ടിൽ പ്രസിദ്ധീകരിച്ചു).
4. മാർത്തോമ്മാ ശ്ലീഹായുടെയും ഗീവർഗീസ് സഹദായുടെയും പെരുന്നാളുകൾക്കുള്ള പെങ്കീസാ നമസ്കാരം (പ്രാർത്ഥനകൾ) (1951).
5. കന്തീലാക്രമം (1974-ൽ ഫാ. കെ. വി. ഗീവർഗീസ് പ്രസിദ്ധീകരിച്ചു).
6. നോമ്പിലെ നമസ്കാരം (1960-ൽ തിരുവിതാംകോട് ഗീവർഗീസ് റമ്പാൻ പ്രസിദ്ധീകരിച്ചു).
7. ആണ്ടുതക്സാ (ഗദ്യം).
8. ആനീദാ (ഗദ്യം).
9. ആണ്ടടക്കമുള്ള ഞായറാഴ്ചകളിലെയും മാറാനായ പെരുന്നാളുകളിലെയും (കഷ്ടാനുഭവ ആഴ്ച ഒഴികെ) പ്രുമിയോനുകൾ.

10. പട്ടംകൊട പുസ്തകങ്ങൾ (ഗദ്യവും പദ്യവും).
11. പള്ളികൂദാശ പുസ്തകങ്ങൾ (ഗദ്യവും പദ്യവും).
12. പ്രത്യേക കൂദാശക്രമങ്ങൾ.
13. കുരിശുംതൊട്ടി കൂദാശക്രമം.
14. ശവക്കോട്ട കൂദാശക്രമം.

രചനകൾ

15. പെരുന്നാളുകളിലും ഞായറാഴ്ചകളിൽ വി. കുർബ്ബാനയിലും ഉപയോഗിക്കുന്ന ഹൂത്തോമോകൾ സുറിയാനിയിലും മലയാളത്തിലും രചിച്ചു.

16. പരുമല തിരുമേനിയുടെയും കോതമംഗലത്ത് ബാവായുടെയും പെരുന്നാളുകളിലേയ്ക്കുള്ള പ്രുമിയോനുകൾ.

17. പരുമല തിരുമേനിയുടെ പെരുന്നാളിനുള്ള നമസ്കാരക്രമം.

സഭാകവി സി. പി. ചാണ്ടി

മലങ്കരയിലെ ആരാധനാഗാനങ്ങൾക്ക് കാവ്യാത്മകതയും താളാത്മകതയും നൽകി ആരാധനാ സാഹിത്യമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത് സി. പി. ചാണ്ടിയാണ്. അനിതരസാധാരണമായ കവിതാപാടവവും സർഗാത്മകതയും ബഹുഭാഷാ നിപുണതയും സമന്വയിക്കുന്ന പ്രതിഭാശാലിയായ സി. പി. ചാണ്ടിക്ക് ആശയങ്ങൾ സുലളിതപദവിന്യാസങ്ങളോടെ അതീവ പ്രാഗത്ഭ്യത്തോടെ കോർത്തിണക്കുവാൻ സാധിച്ചു. നിസ്തന്ദ്രവും കർമ്മനിരതവുമായ തപസ്യയാൽ പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ആഴങ്ങൾ ലളിതസുന്ദരവും താളാത്മകവുമായി ഭക്തഹൃദയങ്ങളിൽ നിറയ്ക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ഗാനരചന നടത്തിയ ആരാധനക്രമങ്ങൾ

1. വി. കുർബാനക്രമം – സ്ലീബായുടെ നമസ്കാരവും കൃംതായുടെ നമസ്കാരവും അതാത് ദിവസങ്ങളിലേയ്ക്കുള്ള പ്രത്യേക ഗാനങ്ങളും ഉൾപ്പെടെയാണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. കൂടാതെ മേല്പട്ടക്കാരെ സ്വീകരിച്ചാനയിക്കുമ്പോൾ, തിരിച്ചെഴുന്നള്ളുമ്പോൾ, വാഴ്വ് നൽകുമ്പോൾ, വി. കുർബ്ബാനാനന്തരാനുഭവത്തിനുള്ള പ്രത്യേക ഗീതങ്ങൾ തുടങ്ങിയവയെല്ലാം ഉൾപ്പെട്ടിരിക്കുന്നതാണ് വി. കുർബാനക്രമം.

2. ദുഃഖവെള്ളിയാഴ്ച നമസ്കാരക്രമം – ദുഃഖവെള്ളിയാഴ്ചയിലെ എല്ലാ യാമങ്ങളിലേയും ഗാനങ്ങൾ ഉൾപ്പെടുത്തിയ ക്രമമാണ് ഇത്. ഈ ഗാനങ്ങളുടെ വരികളിലെ ചലനാത്മകതയും നാടകീയതയും ശ്രേഷ്ടവും ഹൃദയദ്രവീകരണശേഷി അനുപമവുമാണ്. യേശുവിന്റെ മനുഷ്യാവതാരവൃത്താന്ത കഥ, പീഢാനുഭവം തുടങ്ങിയവ ദുഃഖവെള്ളിയുടെ ഗാനങ്ങളിലൂടെ വളരെ ഹൃദയസ്പർശിയായി അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നു.

3. വി. കൂദാശക്രമങ്ങൾ – വി. മാമോദീസാ, വി. വിവാഹകൂദാശ, ഭവന ശുദ്ധീകരണം, രോഗികളുടെ തൈലാഭിഷേകം, രണ്ടാം വിവാഹം എന്നിവയുടെ ക്രമങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. *പതിവ്രതയാം പരിപാവന സഭയെ...* തുടങ്ങിയ ഗാനങ്ങൾ സന്ദർഭാനുഗുണമായ അർത്ഥ വൈചിത്ര്യങ്ങളിലേയ്ക്ക് അനുവാചകനെ ഉയർത്തുന്നു.

4. ശവസംസ്കാരശുശ്രൂഷാ ക്രമം – നാലു ശുശ്രൂഷകൾ വീതം പുരുഷന്മാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും ശവസംസ്കാരത്തിന് പ്രത്യേകം ക്രമം ഉൾപ്പെടുത്തിയിരിക്കുന്നു.

5. നോമ്പിലെ നമസ്കാരം – മൂന്നുനോമ്പിലെയും വലിയനോമ്പിലെയും യാമപ്രാർത്ഥനകൾ പദ്യരൂപത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിലെ ഗീതങ്ങളിൽ അനുതാപത്തിന്റെ ഭാവങ്ങൾ കൂടുതലായി ഉപയോഗിച്ചിരിക്കുന്നു.

6. ശ്ഹീമാനമസ്കാരം – ഞായർ മുതൽ ശനി വരെയുള്ള ദിവസങ്ങളിലെ സാധാരണ നമസ്കാരമാണ് പദ്യരൂപത്തിൽ ക്രമീകരിച്ചിരിക്കുന്നത്. ഓരോ ദിവസത്തിന്റെ പ്രത്യേകതയും പ്രാധാന്യവും അനുസരിച്ചാണ് ഗാനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

7. ആണ്ടുതക്സ – ജനനപ്പെരുനാൾ, ദനഹ, ശുബ്ക്കോനോ ശുശ്രൂഷ, ദുഃഖവെള്ളിയാഴ്ച സ്ലീബാ വന്ദനവിന്റെ ശുശ്രൂഷ, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, പെന്തിക്കോസ്തിപ്പെരുന്നാൾ എന്നീ ശുശ്രൂഷകളുടെ ഗീതങ്ങളാണ് ഇതിൽ. അതാത് ദിവസങ്ങളുടെ പ്രത്യേകതയും അവ നൽകുന്ന ആശയങ്ങൾ, വിശ്വാസ ആചാരങ്ങൾ ഇവയെ മുൻനിർത്തിയുമാണ് ഗീതങ്ങൾ രചിച്ചിരിക്കുന്നത്.

8. പ. ദൈവമാതാവിന്റെയും പരിശുദ്ധ പരുമലതിരുമേനിയുടെയും പെരുനാളിലെ
പെങ്കീസനമസ്കാരം – പ. ദൈവമാതാവിന്റെയും പരിശുദ്ധ പരുമലതിരുമേനിയുടെയും പെരുനാളിൽ ഉപയോഗിക്കുവാനായി പ്രുമിയോൻ – സെദ്റാ ഉൾപ്പെടെ തയ്യാറാക്കിയ നമസ്ക്കാരക്രമം.

9. ഹാശാഗീതങ്ങൾ – കഷ്ടാനുഭവ ആഴ്ചയിൽ യേശുവിന്റെ കഷ്ടാനുഭവത്താലും മരണത്താലും നേടി

ത്തന്ന രക്ഷയെക്കുറിച്ച് കൂടുതൽ ബോധമതികളാകുന്നതിനും അത് അനുഭവവേദ്യമാകുന്നതിനും തക്കവിധത്തിലുള്ള ഗീതങ്ങൾ ക്രമീകരിച്ചിരിക്കുന്നു. കൂടാതെ കർത്താവിന്റെ പീഡാനുഭവ സംഭവങ്ങളെ അനുസ്മരിക്കുന്ന ഗീതങ്ങളുമാണ് ഇവ.

10. വൈദികരുടെ ശവസംസ്കാരക്രമം – പ്രാരംഭ സമാപന ശുശ്രൂഷകൾ കൂടാതെ എട്ടു ശുശ്രൂഷകൾ അടങ്ങിയതാണ് വൈദികരുടെ ശവസംസ്കാരക്രമം. പഴയ പുതിയ – നിയമ സംഭവങ്ങളെ ഹൃദയസ്പർശിയായി അവതരിപ്പിച്ചിരിക്കുന്നു.

11. വി. കുർബ്ബാനയുടെ ഹൂത്തോമ്മാ – വി. കുർബ്ബാനയുടെ സമാപന പ്രാർത്ഥന ഗീതമായിട്ട് രചിച്ചിരിക്കുന്നു.

12. പ്രാർത്ഥനായോഗമിത്രം. പാത്താമുട്ടം മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാനുമായി ചേർന്ന് തയ്യാറാക്കിയ ഗീതങ്ങളടങ്ങിയ പ്രാർത്ഥനാപുസ്തകം.

രണ്ട് പരസ്യങ്ങൾ

കൂദശ് ഈത്തോ മുതൽ ആനീദേ വരെയുള്ള എല്ലാ ഞായറാഴ്ചകളിലെയും നമസ്കാരങ്ങളിൽ ഉപയോഗിക്കേണ്ട പ്രുമിയോൻ.

ഭക്തിസംവർദ്ധകവും വിജ്ഞാനപൂർണ്ണവുമായ ഈ ഉത്തമഗ്രന്ഥം ഉത്തമ ക്രിസ്തീയ ജീവിതത്തിനു പ്രചോദനം നൽകുന്നതാണ്. താഴെകാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക:

സെക്രട്ടറി, സമുദായ ആപ്പീസ്
പഴയ സിമ്മനാരി, കോട്ടയം

വില 3 രൂ. 8 അണ

(മലങ്കരസഭാ മാസികയിൽ 1949 ഒക്ടോബർ (പുസ്തകം 3, ലക്കം 12) ലക്കം പ്രസിദ്ധീകരിച്ച പരസ്യം)

യാക്കോബായ സുറിയാനിക്കാരുടെ കുർബ്ബാന തക്സ. മാർ യാക്കോബിന്റെയും, മാർ ദീവന്നാസ്യോസിന്റെയും തക്സകളും, കുർബാനക്രമവും അടങ്ങിയത്. ആദ്യത്തെ പതിപ്പുപോലെ തന്നെ പട്ടക്കാരൻ, ശുശ്രൂഷക്കാരൻ, അയ്മേനി ഇവർ ചൊല്ലേണ്ടത് എല്ലാം അടങ്ങിയിട്ടുള്ളത്.

ഈ പുതിയ പതിപ്പിനുള്ള വിശേഷം തടിച്ച അക്ഷരങ്ങളാണ് ഉപയോഗിച്ചിട്ടുള്ളതെന്നുള്ളതാണ്. അക്ഷരത്തിന്റെ മാതൃകയാണിത്. നല്ല മേനിക്കടലാസിൽ അച്ചടിച്ച്, പുസ്തകം നല്ലപോലെ മലർത്തി തുറക്കത്തക്കവണ്ണം തുന്നി, കാലിക്കൊ ശീലകൊണ്ടു ബയണ്ടു ചെയ്തിട്ടുള്ളത്. 7 ഇഞ്ച് നീളം, ഒന്നര ഇഞ്ച് വീതി.

തപാൽച്ചെലവു പുറമെ. (വില. 2 ക)

ഞങ്ങളുടെ കാറ്റലോഗ് സൗജന്യം

മാനേജർ,
എ.ആർ.പി. പ്രസ്സ് & ഔഷധശാല, കുന്നംകുളം

(മലങ്കരസഭാ മാസികയിൽ 1949 ഒക്ടോബർ ലക്കം പ്രസിദ്ധീകരിച്ച പരസ്യം)

കന്തീല, കഹനൈത്താ

സുറിയാനിയിൽ നിന്നു തേനുങ്കൽ ഗീവറുഗീസ് മല്പാൻ തർജ്ജമ ചെയ്തതും മാർ ഔഗേൻ തീമോത്തിയോസ് മെത്രാപ്പോലീത്താ പരിശോധിച്ച് അനുവദിച്ചതുമായ "കന്തീല, കഹനൈത്താ" പുസ്തകം തിരുവല്ല എം.ജി.എം. പ്രസ്സിൽ നിന്നും 1950–ൽ പ്രസിദ്ധീകൃതമായി. രണ്ടര രൂപായായിരുന്നു വില.

ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന ആരാധനക്രമങ്ങൾ

മലങ്കര ഓർത്തഡോക്സ് സഭാ പ്രസിദ്ധീകരണ വകുപ്പ് (കോട്ടയം) പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ:

1. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ സ്ലീബാ മുതൽ കൃംതാ വരെയും കൃംതാ മുതൽ സ്ലീബാ വരെയുമുള്ള ഞായറാഴ്ച നമസ്കാരം & വി. കുർബ്ബാനക്രമം. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും വി. കുമ്പസാരക്രമവും ആണ്ടടക്കമുള്ള വി. കുർബ്ബാന ഗാനങ്ങളും മറ്റും അടങ്ങിയത്.

(പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നത്.)

ഒന്നാം പതിപ്പ് 1959. കോപ്പി 10000. ഇരുപത്തിആറാം പതിപ്പ് 1994 സെപ്റ്റംബർ. കോപ്പി 10000

2. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ വി. കുർബ്ബാനക്രമം. ഒന്നാംപതിപ്പ് 1992 മാർച്ച്. (5000 കോപ്പി).

3. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ കുടുംബാരാധനക്രമം. പ. സുന്നഹദോസിന്റെ

അംഗീകാരത്തോടുകൂടി പ്രസിദ്ധീകരിക്കുന്നത്. ഒന്നാം പതിപ്പ് 1974. രണ്ടാം പതിപ്പ് 1975 (കോപ്പി 12000). മൂന്നാം പതിപ്പ് 1982 (കോപ്പി 10000) ഒൻപതാം പതിപ്പ് 1993 (കോപ്പി 10000).

4. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ നിത്യപ്രാർത്ഥനക്രമം. പരിഭാഷകൻ: മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ. അഞ്ചാം പതിപ്പ് 1993 സെപ്റ്റംബർ (കോപ്പി 5000).

5. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പ്രാർത്ഥനക്രമം. പരിഭാഷകൻ: മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ. 29-ാം പതിപ്പ് 1994 ജൂലൈ (കോപ്പി 5000).

6. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ ദുഃഖവെള്ളിയാഴ്ച നമസ്കാരം. സ്ലീബാ ആരാധന ചേർന്നത്. ഒന്നാം പതിപ്പ് 1955. 36-ാം പതിപ്പ് 1994 ജൂൺ (കോപ്പി 15000).

7. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ കൂദാശക്രമങ്ങളും ആനീദായും (ഗീതങ്ങൾ മാത്രം). പരിഭാഷകൻ: കോനാട്ട് അബ്രഹാം മല്പാൻ. ഗീതങ്ങൾ: സഭാകവി സി. പി. ചാണ്ടി, വെണ്ണിക്കുളം. 1993 (കോപ്പി 5000).

8. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ നോമ്പിലെ നമസ്കാരം. വലിയ നോമ്പിലെയും നിനുവാ നോമ്പിലെയും പ്രാർത്ഥനക്രമം. പരിഭാഷകൻ: മലങ്കര മല്പാൻ കോനാട്ട് അബ്രഹാം കത്തനാർ. ഗാനരചന: സി. പി. ചാണ്ടി. രണ്ടാം പതിപ്പ് 1988 (കോപ്പി 1000).

9. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ കൂദാശക്രമങ്ങൾ. പരിഭാഷകൻ: മലങ്കര മല്പാൻ കോനാട്ട് അബ്രഹാം കത്തനാർ. മലയാളഗാനങ്ങൾ: സഭാകവി സി. പി. ചാണ്ടി. 1993 (കോപ്പി 2000).

10. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ശ്ഹീമാ നമസ്കാരം (കൃംതാ പ്രാർത്ഥനക്രമം ചേർന്നത്). പരിഭാഷകൻ: മലങ്കര മല്പാൻ കോനാട്ട് അബ്രഹാം കത്തനാർ. ഗാനരചന: സഭാകവി സി. പി. ചാണ്ടി. നാലാം പതിപ്പ് 1993 (കോപ്പി 1500).

11. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരക്രമം (ദുഃഖവെള്ളിയാഴ്ച ശുശ്രൂഷകൾ ചേർന്നത്). ഒന്നാം പതിപ്പ് 1991. അഞ്ചാം പതിപ്പ് 1994 (കോപ്പി 1500).

12. ആണ്ടുതക്സാ. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പെരുന്നാൾ ശുശ്രൂഷക്രമം. പരിഭാഷ: മലങ്കര മല്പാൻ കോനാട്ട് അബ്രഹാം കത്തനാർ. മലയാളഗാനങ്ങൾ: സി. പി. ചാണ്ടി, വെണ്ണിക്കുളം. 1992 (കോപ്പി 2000).

13. പ. ദൈവമാതാവിന്റെ പെരുന്നാളുകളിലെ പെങ്കീസാ നമസ്കാരക്രമം. സുറിയാനിയിൽ നിന്ന് തർജ്ജമ. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. ഗാനരചന: സഭാകവി സി. പി. ചാണ്ടി. ഒന്നാം പതിപ്പ് 1983 ആഗസ്റ്റ് (കോപ്പി 1000), മൂന്നാം പതിപ്പ് നവംബർ 1987 (കോപ്പി 3000).

14. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ നോമ്പിലെ കുടുംബാരാധനക്രമം. (വലിയ നോമ്പ്, പീഡാനുഭവ ആഴ്ച, മൂന്നുനോമ്പ് ദിവസങ്ങളിലെ നമസ്കാരങ്ങൾ). (പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അംഗീകാരത്തോടുകൂടി പ്രസിദ്ധപ്പെടുത്തുന്നത്). ഒന്നാം പതിപ്പ് 1987 ഫെബ്രുവരി. രണ്ടാം പതിപ്പ് 1987 മാർച്ച്. മൂന്നാം പതിപ്പ് 1991 മാർച്ച്, നാലാം പതിപ്പ് 1994 മാർച്ച്.

15. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ സന്ദർഭോചിത പ്രാർത്ഥനകൾ (വൈദികരുടെയും അയ്മേനികളുടെയും ഉപയോഗത്തിന്). തയ്യാറാക്കിയത്: മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ. (പ. സുന്നഹദോസ് അംഗീകരിച്ചത്). പരിഷ്കരിച്ച രണ്ടാം പതിപ്പ് 1991 (കോപ്പി 5000).

16. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ ഹാശാഗീതങ്ങൾ. ഊശാന ഞായറാഴ്ച മുതൽ ഉയിർപ്പു ഞായറാഴ്ച വരെയുള്ള കഷ്ടാനുഭവ ആഴ്ചയിലെ കൗമ്മാ നമസ്കാരവും പ്രത്യേക ഗീതങ്ങളും അടങ്ങിയത്. പരിഭാഷകൻ: യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. ഗാനരചന: സഭാകവി സി. പി. ചാണ്ടി. 19-ാം പതിപ്പ്. നവംബർ 1994 (കോപ്പി 50000).

17. പ. പരുമല തിരുമേനിയുടെ പെരുന്നാളിലെ പെങ്കീസാ നമസ്കാരക്രമം. സുറിയാനിയിൽ രചിച്ചത്: ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ (പ. ഔഗേൻ ബാവാ). സുറിയാനിയിൽ നിന്നു തർജ്ജമ: യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. ഗാനരചന: സഭാകവി സി. പി. ചാണ്ടി. രണ്ടാംപതിപ്പ്. 1987 നവംബർ (കോപ്പി 3000).

18. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പെരുന്നാൾ ശുശ്രൂഷക്രമങ്ങൾ. (ഗീതങ്ങൾ മാത്രം) പരിഭാഷകൻ: കോനാട്ട് അബ്രഹാം മല്പാൻ. ഗീതരചന: സഭാകവി സി. പി. ചാണ്ടി. മൂന്നാംപതിപ്പ്. 1991 (കോപ്പി 5000). അഞ്ചാം പതിപ്പ് 1994 ജനുവരി (കോപ്പി 5000).

19. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ശവസംസ്കാര ശുശ്രൂഷക്രമം. പരിഭാഷകൻ: മലങ്കര മല്പാൻ കോനാട്ട് അബ്രഹാം കത്തനാർ. മലയാള ഗാനങ്ങൾ: സി. പി. ചാണ്ടി, വെണ്ണിക്കുളം. 1993 (കോപ്പി 2000).

20. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ കന്തീലാ കഹനൈത്താക്രമം (സുറിയാനിയിൽ

നിന്നു തർജ്ജിമ). (പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് പരിശോധിച്ച് അനുവദിച്ചത്) പരിഭാഷകൻ: തേനുങ്കൽ ഗീവറുഗീസ് കത്തനാർ. രണ്ടാംപതിപ്പ് 1987 ആഗസ്റ്റ്.

21. മൂന്നു നോമ്പിലെയും നാല്പതു നോമ്പിലെയും പ്രുമിയോനുകൾ. സുറിയാനിയിൽ നിന്നു തർജ്ജമ: ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ (ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ). നാലാം പതിപ്പ് 1990 (കോപ്പി 1000).

22. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ വൈദികരുടെ ശവസംസ്കാര ശുശ്രൂഷക്രമം. (മേല്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ എന്നിവരുടെ). പരിഭാഷ: മലങ്കര മല്പാൻ കോനാട്ട് അബ്രഹാം കത്തനാർ. മലയാളഗാനങ്ങൾ: സി. പി. ചാണ്ടി, വെണ്ണിക്കുളം. 1991 (കോപ്പി 1000).

23. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ വി. വേദവായനക്കുറിപ്പ് (കൂദോശ്ഈത്തോ ഞായറാഴ്ച മുതൽ ആണ്ടടക്കമുള്ള ഞായറാഴ്ചകളിലും, പെരുന്നാൾ ദിവസങ്ങളിലും, നോമ്പു ദിവസങ്ങളിലും, മറ്റു പ്രത്യേക ദിവസങ്ങളിലും സന്ദർഭങ്ങളിലും ഉപയോഗിക്കേണ്ട വേദഭാഗങ്ങൾ ക്രമപ്പെടുത്തി പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തുന്ന പരിഷ്കരിച്ച പതിപ്പ്). പരിഷ്കരിച്ച ഒന്നാം പതിപ്പ് 1987. മൂന്നാംപതിപ്പ് 1992 (കോപ്പി 2000).

24. സുറിയാനി സംഗീതം (എക്കാറ) മുഖവുര, സമാഹരണം: ഫാ. എം. പി. ജോർജ്ജ്. ഒന്നാം പതിപ്പ് 1993 ഡിസംബർ (കോപ്പി 3000).

25. The Orthodox Syrian Church of the East. The Service Book of The Holy Qurbana (Qurbanakramam). Translated by Baselius Marthoma Mathews I Catholicos of The East. First Published: August 1966. Fifth Edition: July 1992. Copies: 3000.

26. ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പെങ്കീസാ നമസ്കാരങ്ങൾക്കുള്ള പ്രുമിയോൻ (ഉയിർപ്പു മുതൽ കൂദോശ്ഈത്തോ ഞായറാഴ്ച വരെ). സുറിയാനിയിൽ നിന്നു പരിഭാഷ: ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ. ഒന്നാം പതിപ്പ് 1948, രണ്ടാം പതിപ്പ് 1969, മൂന്നാം പതിപ്പ് 1986, നാലാം പതിപ്പ് 1993 (കോപ്പി 1000).

27. ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പെങ്കീസാ നമസ്കാരങ്ങൾക്കുള്ള പ്രുമിയോൻ (കൂദോശ് ഈത്തോ ഞായറാഴ്ച മുതൽ ആനീദെ ഞായറാഴ്ച വരെ). സുറിയാനിയിൽ നിന്നു പരിഭാഷ: ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ. ഒന്നാം പതിപ്പ് 1948 (കോപ്പി 1000), രണ്ടാം പതിപ്പ് 1969 (കോപ്പി 750), മൂന്നാം പതിപ്പ് 1986 (കോപ്പി 750), നാലാം പതിപ്പ് 1993 (കോപ്പി 1000).

28. വി. കുർബ്ബാന തക്സാ (13 ക്രമങ്ങൾ). പരിഭാഷകൻ: കോനാട്ട് അബ്രഹാം കത്തനാർ. പരിഷ്കരിച്ച പതിപ്പ് 1996. പരിഷ്കരിച്ച നാലാം പതിപ്പ് 2011. കോപ്പി 1000.

എം.ജി.ഒ.സി.എസ്.എം. ബുക്ക്ഷോപ്പ് ആൻഡ് പബ്ലീഷിംഗ് ഹൗസ് (കോട്ടയം) പ്രസിദ്ധീകരിച്ചവ

1. ഓർത്തഡോക്സ് സുറിയാനി സഭയിലെ വൈദികരുടെ കാനോനാ നമസ്കാരം. പരിഭാഷ: യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. മൂന്നാം പതിപ്പ് (കോപ്പി 1000).

2. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരക്രമം (ദുഃഖ വെള്ളിയാഴ്ച ശുശ്രൂഷകൾ ചേർന്നത്). (പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പരിശോധിച്ച് ക്രമപ്പെടുത്തിയത്). റിവൈസ്ഡ് എഡീഷൻ മാർച്ച് 1980, രണ്ടാം പതിപ്പ് മാർച്ച് 1982, മൂന്നാം പതിപ്പ് ഒക്ടോബർ 1983, നാലാം പതിപ്പ് സെപ്റ്റംബർ 1985, അഞ്ചാം പതിപ്പ് മാർച്ച് 1987, ആറാം പതിപ്പ് ഒക്ടോബർ 1989 (കോപ്പി 5000).

3. പെസഹാ വ്യാഴാഴ്ച നമസ്കാരക്രമം. പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പരിശോധിച്ച് ക്രമപ്പെടുത്തിയത്.

4. സുറിയാനി ക്രിസ്ത്യാനികളുടെ കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരക്രമം (ശ്രേഷ്ഠാനുമതിയുള്ളത്). പരിഭാഷകൻ: യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ.

Splinter Edition: March 1982 (കോപ്പി 1000).

5. സുറിയാനി ക്രിസ്ത്യാനികളുടെ മൂന്നുനോമ്പിലെയും വലിയ നോമ്പിലെയും നമസ്കാരക്രമം (ശ്രേഷ്ഠാനുമതിയുള്ളത്). പരിഭാഷകൻ: യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. 1993 ഫെബ്രുവരി (കോപ്പി 1000).

6. ഓർത്തഡോക്സ് സുറിയാനി സഭയുടെ ശുശ്രൂഷാസംവിധാനം. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. ഒന്നാം പതിപ്പ് 1983. രണ്ടാംപതിപ്പ് 1989 (കോപ്പി 1100).

ഫാ. കെ. വി. ഗീവർഗീസ് (ഓർത്തഡോക്സ് ചർച്ച് ബുക്ക് ഹൗസ്, കോട്ടയം) പ്രസിദ്ധീകരിച്ചവ

1. വി. ഗീവർഗീസ് സഹദായുടെ പെരുന്നാൾ നമസ്കാരം. സുറിയാനിയിൽ നിന്നു പരിഭാഷ: ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ. 1992 ജനുവരി.

2. പ്രുമിയോൻ - കൂദോശ് ഈത്തോ മുതൽ ആനീദാ വരെ.

3. പ്രുമിയോൻ - മൂന്നു നോമ്പിലെയും നാൽപതു നോമ്പിലെയും.

4. പ്രുമിയോൻ - കഷ്ടാനുഭവ ആഴ്ചയിലെ.

5. പ്രുമിയോൻ - ഉയിർപ്പ് മുതൽ കൂദോശ് ഈത്തോ വരെ.

6. കാനോനാ നമസ്കാരം (മലയാളം & സുറിയാനി)

7. പെരുന്നാൾ ശുശ്രൂഷാക്രമം

8. മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ നമസ്കാരം

9. സാധാരണ നമസ്കാരം.

ബഥനി ആശ്രമം, റാന്നി - പെരുന്നാട്

1. വി. കുർബ്ബാന - പ്രുമിയോൻ.

2. വി. കുർബ്ബാന തക്സാ.

(1993-ൽ തയ്യാറാക്കിയത്.)